## കേരള ഗവർണ്ണർ

# ശ്രീ. ആർ. എൽ. ഭാട്ടിയ

2008 ഫെബ്രുവരി 20-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത

# പ്രസംഗം

*ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,*

12-ാം കേരള നിയമസഭയുടെ 2008-ലെ ആദ്യ സമ്മേളനത്തിലേക്ക് നിങ്ങൾ ഓരോരുത്തരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

2. എന്റെ സർക്കാർ അധികാരത്തിൽ വന്നിട്ട് 21 മാസം പിന്നിടുകയാണ്. തെരഞ്ഞെടുപ്പ് പ്രചരണ വേളയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി എന്റെ സർക്കാർ നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു കുതിച്ചുചാട്ടം നടത്താൻ ഈ ചുരുങ്ങിയ കാലം കൊണ്ട് എന്റെ സർക്കാരിന് കഴിഞ്ഞു എന്ന് അറിയിക്കുന്നതിൽ എനിക്ക് അങ്ങേയറ്റം അഭിമാനമുണ്ട്. 21 മാസത്തെ സർക്കാരിന്റെ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് നേടിത്തന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലും, വൻകിട, ഇടത്തരം വ്യവസായങ്ങൾക്ക് തുടക്കം കുറിക്കുന്നതിലും, രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിലും എന്റെ സർക്കാരിന് മികച്ച മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിങ്ങൾ നൽകിയ പിന്തുണയും സഹകരണവും ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത പുരോഗതിക്കായി എന്റെ സർക്കാർ നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികൾക്ക് നിങ്ങളുടെ ആത്മാർത്ഥമായ പിന്തുണ തുടർന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

3. കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ആഗോളവത്ക്കരണ, ഉദാരവത്ക്കരണ നയങ്ങൾ, ഡോളറിന്റെ വിനിമയ നിരക്കിലെ ഇടിവ് മൂലമുണ്ടായ പ്രതിസന്ധി, പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് അടിക്കടിയുണ്ടായ വില വർദ്ധന, സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ കാട്ടുന്ന അവഗണന, സർവ്വോപരി മുൻ യു. ഡി. എഫ്. സർക്കാർ തുടർന്നുപോന്ന ജനവിരുദ്ധ നയങ്ങളുടെയും കെടുകാര്യസ്ഥതയുടെയും ഫലമായി വന്നിട്ടുള്ള കടക്കെണിയിലകപ്പെട്ട അവസ്ഥ എന്നിവയെല്ലാം എന്റെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ വൈഷമ്യങ്ങൾ എല്ലാം അതിജീവിച്ചുകൊണ്ടും കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിനർഹമായ സഹായം നേടിയെടുക്കാൻ ശ്രമിച്ചുകൊണ്ടുമാണ് എന്റെ സർക്കാർ മുന്നോട്ടു നീങ്ങുന്നത്.

4. 2007-08 സാമ്പത്തിക വർഷത്തേക്കുള്ള 6950 കോടി രൂപയിൽനിന്നും 2008-2009 വർഷത്തേക്കുള്ള വാർഷിക പദ്ധതി അടങ്കൽ 7700 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അധിക കേന്ദ്ര സഹായമായി 100 കോടി രൂപ നേടിയെടുക്കാൻ ഈ വർഷം കഴിഞ്ഞിട്ടുണ്ട്. ഈ വർഷം കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഇത് സഹായകരമാകും.

5. എന്റെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായുണ്ടായ വിലത്തകർച്ചയും കടക്കെണിയുംമൂലം കർഷക ആത്മഹത്യകൾ നിത്യ സംഭവമായിരുന്നു. വിളനാശവും മറ്റ് പ്രകൃതി ദുരന്തങ്ങളും കർഷകരെ വേട്ടയാടിക്കൊണ്ടിരുന്നു. പൂർണ്ണ തകർച്ചയുടെ ഫലമായി നൈരാശ്യംമൂലം കൂട്ട ആത്മഹത്യയുടെ വക്കിൽനിന്നും കർഷക ജനതയെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് എന്റെ സർക്കാരിന്റെ പ്രഥമ പരിഗണനയായിരുന്നു. ചുരുങ്ങിയ കാലം

കൊണ്ട് തകർച്ചയിൽനിന്നും നൈരാശ്യത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് അഭിമാനകരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി കർഷക ആത്മഹത്യ പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് പ്രതീക്ഷയുടെ കിരണങ്ങൾ കർഷക ജനസാമാന്യത്തിന് നൽകാൻ എന്റെ സർക്കാരിന് കഴിഞ്ഞു. ആത്മഹത്യചെയ്ത ആയിരത്തിലേറെ കർഷകരുടെ കുടുംബങ്ങൾക്ക് അരലക്ഷം രൂപവീതം ധനസഹായം നൽകുന്നതിനും അവരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു എന്നു മാത്രമല്ല, ജീവിച്ചിരിക്കുന്ന കർഷകരുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും അവരെ കടബാദ്ധ്യതയിൽനിന്ന് രക്ഷിക്കാനായി ഒരു നിയമം കൊണ്ടുവരികയും ചെയ്തു. കടാശ്വാസ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിലെ ഒരേക്കറിൽ താഴെ ഭൂമിയുള്ള മുഴുവൻ കർഷകരുടെയും സഹകരണ സംഘങ്ങളിൽ നിന്നെടുത്ത ഇരുപത്തയ്യായിരം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളിക്കൊണ്ട് കർഷകരെ രക്ഷിക്കുന്നതിൽ എന്റെ സർക്കാർ മാതൃക കാണിച്ചു. ഇതര സംസ്ഥാനങ്ങളിൽ കാർഷിക പ്രതിസന്ധിമൂലം ആത്മഹത്യകൾ ഇപ്പോഴും തുടരുമ്പോൾ കേരളത്തിലെ എൽ. ഡി. എഫ്. സർക്കാർ കർഷകരുടെ രക്ഷാകവചമായി നിലകൊള്ളുന്നതുമൂലം കർഷക ആത്മഹത്യകൾ അവസാനിച്ചു. ഭൂപരിഷ്ക്കാരമടക്കമുള്ള നിയമങ്ങൾ നിർമ്മിച്ചുകൊണ്ട് രാജ്യത്തിനാകെ മാതൃകയായ കേരളം ഇക്കാര്യത്തിലും മാതൃകയായി നിലകൊള്ളുന്നു. കേരള കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഒരു വർഷം മുമ്പേ എന്റെ സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പക്ഷേ നാളിതുവരെ ഇത് അവതരിപ്പിച്ചിട്ടില്ല. ദേശവ്യാപകമായി കർഷക സമൂഹത്തെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്ന പ്രതിസന്ധി അതിജീവിക്കുന്നതിന് ഇത് സഹായകമാകുന്നതാണ്.

6. അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ എന്ന രൂക്ഷമായ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക എന്നത് എന്റെ സർക്കാരിന്റെ മറ്റൊരു പ്രധാന കടമയാണ്. ഐ. ടി. മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലുമെല്ലാം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് തൊഴിലില്ലായ്മയ്ക്ക് അറുതിവരുത്താനുള്ള ആസൂത്രിതമായ നീക്കമാണ് എന്റെ സർക്കാർ തുടർന്നുവരുന്നത്. ബയോടെക്നോളജി, നാനോ ടെക്നോളജി, സ്പേസ് ടെക്നോളജി എന്നിങ്ങനെയുള്ള മേഖലകളിൽ പഠന ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ടും സ്മാർട്ട്സിറ്റി പദ്ധതിയും പുതിയ ഐ. ടി. പാർക്കുകളും സ്ഥാപിച്ചുകൊണ്ടും വികസനത്തിനുള്ള ഒരു പുതിയ അടിത്തറ പാകിയിട്ടുണ്ട്. സ്മാർട്ട്സിറ്റി പോലുള്ള പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചത് വഴി നിരവധി വ്യവസായ സംരംഭകർ സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഇപ്പോൾ വന്നുകൊണ്ടേയിരിക്കുന്നു. അത്തരത്തിലുള്ള യഥാർത്ഥമായ എല്ലാ നിക്ഷേപകരെയും പ്രോത്സാഹിപ്പിക്കുന്ന നയമാണ് എന്റെ സർക്കാർ പിന്തുടരുന്നത്. മുൻ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടൽ നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങളും ഉൽപ്പാദന വർദ്ധനവും നേടുവാനായുള്ള തീവ്ര പരിശ്രമമാണ് എന്റെ സർക്കാർ ഈ കഴിഞ്ഞ നാളുകളിൽ ഏറ്റെടുത്തത്. അടച്ചുപൂട്ടലും വിറ്റുതുലയ്ക്കലുമായിരുന്നു യു. ഡി. എഫ്. സർക്കാരിന്റെ നയമെങ്കിൽ പൊതുമേഖലാ വ്യവസായങ്ങളെ ഒന്നൊന്നായി പുനരുദ്ധരിച്ചുകൊണ്ട് അവയെ ലാഭകരമാക്കാൻ എന്റെ സർക്കാരിന് കഴിഞ്ഞു. വ്യവസായ വകുപ്പിൻകീഴിലുള്ള 22 പൊതുമേഖലാ സ്ഥാപനങ്ങളെ ഈ ചുരുങ്ങിയ കാലംകൊണ്ട് ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പതിനായിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളുമായി എന്റെ സർക്കാർ മുന്നോട്ടു പോവുകയാണ്.

**7.** ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുന്നതുവരെ അധികാരികളുടെ ഒത്താശയോടുകൂടി ഒരു പിടി ഭൂമി കൈയേററക്കാർ സർക്കാർ ഭൂമി കയ്യേറുകയും സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന വലിയ ഒരളവ് ഭൂമി ഭൂപരിഷ്ക്കരണ നിയമങ്ങൾ അട്ടിമറിച്ചുകൊണ്ട് കൈവശം വയ്ക്കുകയും അത് കൈമാറ്റം ചെയ്തുകൊണ്ട് ഭീമമായ അനർഹ ലാഭം സമ്പാദിച്ചു കൊണ്ടിരിക്കുകയുമായിരുന്നു. അതിൽനിന്നും തികച്ചും വിഭിന്നമായി വൻകിടക്കാർ അനധികൃതമായും അന്യായമായും കൈവശം വച്ചിരുന്ന ഭൂമിയെല്ലാം ഭൂരഹിതർക്കിടയിൽ വിതരണം ചെയ്യുന്നതിനോ പൊതു ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനോ വേണ്ടി തിരിച്ചുപിടിക്കുക എന്നതാണ് എൽ. ഡി. എഫ്. സർക്കാരിന്റെ നയം.

**8.** പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്ത ഒരേയൊരു വിഭാഗം നമ്മുടെ സംസ്ഥാനത്തെ കർഷകരാണ്. അതിനാൽ കർഷകർക്കായി ഒരു പ്രത്യേക പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കാർഷിക വികസനം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തൊഴിലാളികളുടെ ക്ഷാമം. ആധുനിക കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിൽ പുത്തൻ യുവ തലമുറ അറിവ് നേടുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ഇക്കാര്യത്തിനായി കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അഗ്രി പോളിടെക്നിക്ക് സ്ഥാപിക്കുന്നതാണ്.

**9.** പച്ചക്കറി കൃഷി വികസനത്തിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ "ഹരിതശ്രീ" പദ്ധതി ഒരു വൻ വിജയമാണ്. ഒന്നോ അതിലധികമോ ഹരിത സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം വരും വർഷവും കൃഷിഭവനുകൾക്ക് കീഴിൽ ആയിരം "പച്ചക്കറി ഗ്രാമങ്ങൾ" സ്ഥാപിക്കുന്നതാണ്.

ഇത്തരം ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുംവേണ്ടി പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. സ്ക്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതികൂടി ആരംഭിക്കുന്നതാണ്.

**10.** പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യകതയും ഉൽപ്പാദനവും തമ്മിൽ വലിയ അന്തരം ഇപ്പോൾ നിലനിൽക്കുന്നു. കന്നുകാലികളുടെ എണ്ണത്തിലുണ്ടായ ഭീമമായ കുറവിനോടൊപ്പം മേച്ചിൽ/കൃഷി സ്ഥലത്തിന്റെ കുത്തനെയുണ്ടായ ശോഷണം ആഭ്യന്തര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചു. കന്നുകാലികളുടെ എണ്ണം സുസ്ഥിരമാക്കുകയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയുമാണ് ഇപ്പോഴത്തെ ആവശ്യം. കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ആവശ്യകത, സാദ്ധ്യമായ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ, ശക്തമായ ആഭ്യന്തര ഉൽപ്പാദനം ഉയർത്തേണ്ടത് ആവശ്യമാക്കിതീർത്തിരിക്കുന്നു.

**11.** കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, പാലിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, സഹകരണ സംഘങ്ങളിലൂടെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതാണ്. പ്രവാസി ഭാരതീയരുടെ പങ്കാളിത്തത്തോടെ ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതായിരിക്കും. കയറ്റുമതി ലക്ഷ്യമാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഹൈടെക്ക് മാംസ സംസ്കരണ പ്ലാന്റ് ചാലക്കുടിയിൽ സ്ഥാപിക്കുന്നതാണ്. പ്രതിദിനം 300 ടൺ ശേഷിയുള്ള ഒരു പുതിയ കാലിത്തീറ്റ പ്ലാന്റ് കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്നതാണ്. തദ്ദേശീയ ഇനങ്ങളായ വെച്ചൂർ പശുക്കൾ, അട്ടപ്പാടി ബ്ലാക്ക്, മലബാറി ആട്, അങ്കമാലി പന്നി, കാസർഗോഡ് ഡ്വാർഫ് ക്യാറ്റിൽ മുതലായവയുടെ പരിപാലനത്തിനും പ്രജനനത്തിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാൽ ഉല്പാദനം

മെച്ചപ്പെടുത്തുന്നതിനായി കന്നുകാലി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് സഹായം നൽകുന്നതാണ്.

12. കാർഷിക മേഖല ഊർജ്ജസ്വലമാക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും പരിഗണിച്ച് തുടർച്ചയായ ആശ്വാസ നടപടികളുടെ ഒരു നിര തന്നെ എന്റെ സർക്കാർ പ്രഖ്യാപിച്ചിരുന്നു. 175 കോടി രൂപയുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ പ്രത്യേക പാക്കേജുകൾ നടപ്പിലാക്കിക്കൊണ്ടും, ആത്മഹത്യ ചെയ്ത കർഷകരുടെ പേരിലുള്ള കാർഷിക കടങ്ങൾ എഴുതി തള്ളിക്കൊണ്ടും 564.38 കോടി രൂപയുടെ ആശ്വാസം നൽകിയിട്ടുണ്ട്.

13. പച്ചക്കറി കൃഷിക്കാർക്കും നെൽകൃഷിക്കാർക്കും 4% നിരക്കിൽ വായ്പാ സൗകര്യം തക്കസമയത്ത് ലഭ്യമാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് കാർഷിക വായ്പയിൽ 2% കൂടുതൽ ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകർക്കും പൊതുജനങ്ങൾക്കും 3000 കോടിയിൽ കവിഞ്ഞ ധനസഹായം ഇത്തരത്തിൽ നൽകിയിട്ടുണ്ട്. വായ്പാ സഹകരണ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തണമെന്ന കാഴ്ചപ്പാടോടെ "സഹകരണ നിക്ഷേപം കേരളീയം" എന്ന നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്; ആയത്, സഹകരണ സ്ഥാപനങ്ങൾക്ക് മതിയായ ധനസമാഹരണം നടത്തുന്നതിനും ഏറെക്കുറെ സ്വയം പര്യാപ്തരാകുവാനും ഇതുവഴി കഴിഞ്ഞിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കായിട്ടുള്ള ഓംബുഡ്സ്മാനെ നിയമിക്കുക, കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് എ.ടി.എം. ശൃംഖല സ്ഥാപിക്കുക, 5000 കോടി രൂപയുടെ

കാർഷിക വായ്പ വിതരണം ചെയ്യുക മുതലായവയാണ് നടപ്പു വർഷം പദ്ധതിയിട്ടിരിക്കുന്നത്.

14. കേരളത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൊതു സേവനം പ്രദാനം ചെയ്യുന്ന പ്രമുഖ സ്ഥാപനങ്ങളായി തീർന്നിട്ടുണ്ട്. ഈയിടെ രൂപീകരിക്കപ്പെട്ട പൊതു എഞ്ചിനീയറിംഗ് കേഡർ പോലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ജീവനക്കാരുടെയും ഏകീകൃതവും വ്യതിരിക്തവും പൊതുവായതുമായ കേഡറുകൾ രൂപീകരിക്കുക എന്നത് ഈ സർക്കാരിന്റെ നയമാണ് എന്നറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഇത് തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പ്രതിഭകളെ ആകർഷിക്കുകയും ചെയ്യും. കൂടാതെ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക മാനേജുമെന്റ് തല പരിശീലനം ഏർപ്പെടുത്തുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 11-ാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രത്യേക മുൻഗണന നൽകിയിട്ടുണ്ട്. കുടുംബശ്രീ ഈ ആശയം കൂടുതൽ മുന്നോട്ടു കൊണ്ടുപോകുകയും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കൃഷിയുടെയും മൃഗസംരക്ഷണത്തിന്റേയും വളർച്ചയ്ക്ക് അനുകൂലമായ മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് സ്ഥായിയായ തൊഴിലവസരങ്ങൾ നൽകുന്നതിന് ഗ്രാമീണ വ്യാപാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും 'സമഗ്ര' യുടെ കുടക്കീഴിൽ തുടക്കത്തിൽ ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ പ്രത്യേക ബൃഹത്ത് പദ്ധതികൾ ആരംഭിക്കുന്നതുമാണ്. നഗരങ്ങളിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും 'ആന്റി പോവർട്ടി സബ് പ്ലാൻസ്' തയ്യാറാക്കൽ നടപടി ഏറ്റെടുക്കുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടി അർബൻ പോവർട്ടി മാപ്പിംഗ് ആയിരിക്കുന്നതാണ്.

രാജ്യത്ത് ഇദംപ്രഥമമായി സംസ്ഥാനത്തുടനീളം അങ്ങനെയുള്ള ഒരു പരിപാടി നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ നഗരങ്ങളും പട്ടണങ്ങളും ചേരിരഹിതമാക്കുന്നതിനായുള്ള ഒരു കർമ്മ പദ്ധതിയും ഇതിന് തുടർച്ചയായി നടപ്പിലാക്കുന്നതാണ്; "മാലിന്യ മുക്ത കേരളം" ഇപ്പോൾ പ്രവർത്തനപഥത്തിലാണ്, ആദരണീയ യായ ഇൻഡ്യൻ രാഷ്ട്രപതി തുടക്കം കുറിച്ച വിവിധ ഉദ്യമങ്ങൾ സമയക്രമം പാലിച്ചുകൊണ്ട് നടപ്പിലാക്കുകയും ന്യായമായി പര്യവസാനിപ്പിക്കുകയും ചെയ്യുന്നതിലൂടെ, കേരളം അടുത്ത മൂന്ന് വർഷങ്ങൾക്കകം ഒരു സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി മാറുന്നതാണ്.

**15.** കേരളത്തിലെ പങ്കാളിത്ത ആസൂത്രണം ഇപ്പോൾ ദേശീയ മാതൃകയായി തീർന്നിട്ടുണ്ട്. 'സ്പേഷ്യൽ പ്ലാനിംഗ് ടെക്നിക്കുകൾ' ഉൾപ്പെടുത്തികൊണ്ട് ഇതിനെ പരിപോഷിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യത്തോടെ പുതിയ ഒരു നഗര-ഗ്രാമ ആസൂത്രണ ബിൽ നടപ്പുവർഷം സഭയിൽ അവതരിപ്പിക്കുന്നതാണ്. കൊച്ചി മാസ്റ്റർ പ്ലാൻ പൂർണ്ണമായും പരിഷ്കരിക്കുകയും മറ്റ് നാല് നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെ പരിഷ്കരണം ആരംഭിക്കുകയും ചെയ്യുന്നതാണ്.

**16.** സംസ്ഥാനത്തെ നാല് ലക്ഷം കയർ തൊഴിലാളികളുടെ ക്ഷേമത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കയർ കമ്മീഷന്റെ ശുപാർശകൾ താമസംവിനാ നടപ്പിലാക്കുന്നതാണ്. എല്ലാ ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തോടെ സഹകരണ മേഖലയ്ക്കുകീഴിൽ ഒരു ജനകീയ കയർ മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. റിബേറ്റ് പദ്ധതി പുനരാരംഭിക്കുന്നതും, കയർ സഹകരണ സംഘങ്ങളിൽ നിന്നും സംഭരിച്ച കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി കയർ പൊതുമേഖലാ യൂണിറ്റുകൾക്കും അപ്പെക്സ് സംഘങ്ങൾക്കും പത്ത് ശതമാനം റിബേറ്റ് അനുവദിക്കുന്നതുമാണ്. അസംഘടിത കയർ തൊഴിലാളികൾക്കായി ഒരു സമഗ്ര മെഡിക്കൽ

ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ സഹകരണത്തോടെ കയർ ഉല്പന്നങ്ങളുടെ രൂപകല്പനയ്ക്കും നൂതന ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ആലപ്പുഴയിൽ ഒരു ഡിസൈൻ ഡവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതാണ്.

**17.** സംസ്ഥാനത്തിന്റെ വികസന പ്രക്രിയയ്ക്കും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ നിയമാനുസൃതമായ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനും തുല്യ പ്രാധാന്യം നൽകുക എന്നതാണ് എന്റെ സർക്കാരിന്റെ നയം. എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമപരിപാടികൾ എത്തിക്കുന്നതിലേക്കായുള്ള നിയമ നിർമ്മാണം കൊണ്ടുവരുന്ന പ്രക്രിയയിലാണ് എന്റെ സർക്കാർ. ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ഒരു ബിൽ ഇതിനകം തന്നെ നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. എന്റെ സർക്കാരിന്റെ നിരന്തര ശ്രമഫലമായി തോട്ടം മേഖലയിൽ ഗുണകരമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. അടഞ്ഞു കിടന്നിരുന്ന പ്രധാന തോട്ടങ്ങളിൽ 9 എണ്ണം ഇതിനോടകംതന്നെ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനും ഭരണം ഏല്പിച്ചു കൊടുക്കുന്നതിനുമുള്ള ശ്രമങ്ങൾ ടീ ബോർഡ് നടത്തിവരുന്നു. സംസ്ഥാന സർക്കാർ തേയില തോട്ടങ്ങൾക്ക് നൽകിയിട്ടുള്ള എല്ലാ സൗജന്യങ്ങളും തുടർന്നും നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മിനിമം വേജസ് ആക്റ്റിന്റെ പരിധിയിൽ പെടാതിരിക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും കുറഞ്ഞ കൂലി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കുടിയേറ്റ തൊഴിലാളികളേയും ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നവരേയും സംബന്ധിച്ച് ഒരു സർവ്വേ നടത്തുന്നതിന് ഉദ്ദേശിക്കുന്നതോടൊപ്പം ബന്ധപ്പെട്ട നിയമങ്ങൾ നടപ്പാക്കുന്നത് ശക്തിപ്പെടുത്തുന്നതുമാണ്. ഭാവി തൊഴിൽ ദാതാക്കൾക്ക് വെബ് വഴിയുള്ള സേവനം

ഉപയോഗപ്പെടുത്തി തൊഴിലന്വേഷകരുടെ വിശദവിവരങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുൻഗണനാക്രമത്തിൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്.

**18.** നടപ്പു വർഷത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ അസംഘടിത മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ തൊഴിലാളികളുടേയും കുടുംബങ്ങൾക്ക് വർഷത്തിൽ 30,000 രൂപ വരെയുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഭാരത സർക്കാരിന്റെ സഹായത്തോടെയുള്ള "രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന" നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണ്. അടുത്ത നാല് വർഷത്തിനുള്ളിൽ ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്. ഗ്രാമീണ ഭൂരഹിത കർഷകത്തൊഴിലാളികൾക്കായി, ഏകദേശം 3 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട്, 'ആം ആദ്മി ബീമാ യോജന' എന്ന പേരിലുള്ള ഇൻഷ്വറൻസ്-കം-സ്കോളർഷിപ്പ് പദ്ധതി നടപ്പു വർഷത്തിൽ തന്നെ ആരംഭിക്കുന്നതാണ്.

**19.** സംസ്ഥാനത്തെ 34 ഐ.ടി.ഐ. കളിൽ, 14 എണ്ണം മികവിന്റെ കേന്ദ്രങ്ങൾ ആയി ഉയർത്തുന്നതിനുള്ള പ്രക്രിയയിലാണ്. സംസ്ഥാനത്തെ, ഏഴ് ഗ്രേഡ് 2 ഐ.ടി.ഐ. കൾ ഗ്രേഡ് 1 ആയി ഉയർത്തുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളോ പൊതുജനങ്ങളോ സൗജന്യമായി വസ്തുവും കെട്ടിടവും നൽകുന്നിടത്തെല്ലാം, പുതിയ ഐ.ടി.ഐ. കൾ തുടങ്ങുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി, "കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷൻ" മുഖേന വൻതോതിലുള്ള കശുവണ്ടി കൃഷി ഏറ്റെടുത്തു നടപ്പാക്കുന്നതാണ്. കാപ്പെക്സിൽ നിന്നും, കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കാനുള്ള തുക കൊടുക്കുന്നതാണ്.

**20.** ദേശീയ പാതകളുടെ വികസനത്തിനായി എന്റെ സർക്കാർ പ്രധാന ഊന്നൽ നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പിട്ടു കഴിഞ്ഞിട്ടുണ്ട്. ദേശീയ പാതകൾ 47-ം 17-ം നാലുവരി/ആറുവരി പാതകളാക്കുന്നതിന്റെ ഒരു പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതാണ്. ശബരിമലയിലേക്കുള്ള എല്ലാ പ്രധാന റോഡുകളും വികസിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്. കേരള സ്റ്റേററ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഒന്നാം ഘട്ടം രണ്ട് വർഷത്തിനകം പൂർത്തിയാക്കുന്നതാണ്. തിരുവനന്തപുരം സിററി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി അടുത്ത 18 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതാണ്. റെയിൽവേ മേൽപ്പാലങ്ങളുടേയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കോട്ടയം എന്നീ നഗരങ്ങളിലെ ഗതാഗതാക്കുരുക്ക് കുറയ്ക്കുന്നതിനായി ഒരു സംയോജിത റോഡ് ശൃംഖലയും ഗതാഗത സംവിധാനവും ഏർപ്പെടുത്തുന്നതാണ്. ഹൈവേ പ്രൊട്ടക്ഷൻ ആക്ററ് വിജയകരമായി നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നതാണ്.

**21.** ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം എടുത്ത ആദ്യനടപടി വ്യവസായ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സമഗ്ര വ്യവസായ വാണിജ്യ നയം കൊണ്ടുവന്നു എന്നുള്ളതാണ്. അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ വ്യാവസായിക മേഖലയിൽ മുതൽ മുടക്കിനായി വ്യവസായ സംരംഭകരുടെ ഭാഗത്ത് നിന്നും മതിയായ പ്രതികരണം ഇപ്പോൾ സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പരിഗണിക്കുമ്പോൾ ചെറുകിട വ്യവസായ മേഖലയിലെ നിക്ഷേപങ്ങളാണ് വൻകിട

വ്യവസായങ്ങളിലേതിനേക്കാൾ സംസ്ഥാനത്തിന് അഭികാമ്യ മായിട്ടുള്ളത്. തുടക്കമെന്ന നിലയിൽ, ചെറുകിട വ്യവസായ മേഖല യിലെ എല്ലാവരേയും ഉൾപ്പെടുത്തി മുഖാമുഖം പരിപാടികൾ എന്റെ സർക്കാർ നടത്തിയിട്ടുള്ളതും, ഇത് സർവ്വരും സ്വാഗതം ചെയ്തിട്ടു ള്ളതുമാണ്. തീരദേശത്തെ ധാതുമണൽ ഖനനം പൊതുമേഖലയിൽ മാത്രം മതിയെന്ന് നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

22. നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചു പൂട്ടുന്നതിനേക്കാൾ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകര മാക്കി മാററുന്നതിനാണ് ഇപ്പോഴത്തെ പരിശ്രമം. അങ്കമാലിയിലെ ടെൽക്കും എൻ. ടി. പി. സി.യും സംയോജിപ്പിച്ച് ഒരു സംയുക്ത സംരംഭമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള കോർപ്പറേഷനായ ബ്രഹ്മോസ് കെൽടെക്കിനെ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ബോഗി നിർമ്മാണ യൂണിററ് ആരംഭിക്കുന്നതിന് ചേർത്തലയിലെ 'സിൽക്ക്' റെയിൽവേ യുമായി സംയുക്ത സംരംഭത്തിന് നടപടികൾ എടുത്തു കൊണ്ടിരിക്കുന്നു.

23. റഷ്യൻ ഫേമുമായി സഹകരിച്ച് 10,000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ഈ ദിശയിലേക്കുള്ള ചർച്ചകൾ പുരോഗമിച്ച് വരുന്നതുമാണ്. ടെക്സ്റ്റയിൽ വ്യവസായങ്ങൾക്ക് കാര്യമായ പ്രോത്സാഹനം നൽകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജി (എൻ. ഐ. എഫ്. റ്റി.) കണ്ണൂരിൽ ഉടനെ ആരംഭി ക്കുന്നതാണ്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു സംയോജിത ടെക്സ്റ്റയിൽ പാർക്ക് പാലക്കാട്ടുള്ള കഞ്ചിക്കോട്ട് സ്ഥാപിച്ചുവരിക യാണ്. സ്പൈസസ് ബോർഡിന്റെയും കിൻഫ്രയുടെയും സംയുക്ത സംരംഭമെന്ന നിലയിൽ ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്ന തിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെയും

കിൻഫ്രയുടെയും സംയുക്ത സംരംഭമെന്ന നിലയിൽ റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളെ ഉൾപ്പെടുത്തി ഒരു പെട്രോ കെമിക്കൽ കോംപ്ലക്സ് തുടങ്ങുന്നതിനുള്ള ശ്രമം പുരോഗമിച്ചുവരുന്നു. മുള വ്യവസായ രംഗത്ത് ഒരു പ്രാദേശിക സംസ്കരണ യൂണിററ് വയനാട്ടിൽ ആരംഭിക്കുന്നതിനുള്ള നടപടിയിലാണ്. പരമ്പരാഗത രംഗത്തെ പരിശ്രമങ്ങൾ വേഗത കൈവരിച്ചു വരുന്നതിനാൽ ഈ മേഖല കൂടുതൽ വൈദഗ്ദ്ധ്യ വൽക്കരിക്കുന്നതാണ്.

24. തൊഴിൽ പ്രദാനം ചെയ്യുന്നതിലും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലും വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത എന്റെ സർക്കാർ തിരിച്ചറിയുന്നു. 90,000 ആളുകൾക്ക് തൊഴിൽ നൽകുമെന്ന് പ്രതീക്ഷിക്കുന്ന സ്മാർട്ട് സിററി പ്രോജക്ടിന് 2007 നവംബറിൽ ഔപചാരികമായി സമാരംഭം കുറിച്ചു. സംസ്ഥാനത്തുടനീളം മററ് ഐ. ടി. സിറ്റികൾ/നോളഡ്ജ് സിറ്റികൾ വികസിപ്പിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഐ. ടി., ഐ. ടി. ഇ. എസ്. മേഖലകളിൽ കൂടുതൽ തൊഴിൽ നേടുന്നതിനായി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് എന്റെ സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ശാരീരിക വൈക ല്യമുള്ളവരേയും വിവിധതരത്തിൽ അവശത അനുഭവിക്കുന്ന ആളുകളെയും പരിശീലിപ്പിക്കുന്നതിനുള്ള "ഇൻസൈററ്" എന്ന പദ്ധതി "അക്ഷയ സെന്ററുകൾ" വഴി സംസ്ഥാനത്താകെ വ്യാപിപ്പി ക്കുന്നതാണ്.

25. ഇ-ഗവേണൻസിലൂടെ പൗരൻമാർക്ക് മെച്ചപ്പെട്ട സേവന ങ്ങൾ നൽകുന്നതിനുള്ള അവസരങ്ങൾ ഐ. ടി. നൽകുന്നുണ്ട്. ഇക്കാര്യത്തിൽ അനേകം ഉദ്യമങ്ങൾ എന്റെ സർക്കാർ എടുക്കുന്നുണ്ട്. സർക്കാരിൽനിന്നും പൗരൻമാർക്കുള്ള സേവനങ്ങൾ പൗരൻമാരുടെ പടിവാതിൽക്കൽ എത്തിക്കുന്നതിൽ "അക്ഷയ" ശൃംഖല മർമ്മ

പ്രധാനമായ ഒരു അടിസ്ഥാന സൗകര്യമായി തീർന്നിട്ടുണ്ട്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ഓൺലൈൻ അപേക്ഷകൾ, ഇ-ലേണിംഗ് കോഴ്സുകൾ മുതലായവ ഉൾപ്പെട്ട വിവിധ സേവനങ്ങൾ ഇതിനകം നൽകിവരുന്നു. "അക്ഷയ ശൃംഖല" ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ ബി2സി, ജി2സി സേവനങ്ങളും നൽകുന്നതാണ്. എന്റെ സർക്കാർ, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനായി ടെക്നോപാർക്കിൽ ഒരു പുതിയ സംസ്ഥാന ഡേററാസെന്റർ സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ, പൂർത്തീകരണത്തോടടുത്തുകൊണ്ടിരിക്കുന്ന കേരള സംസ്ഥാന വൈഡ് ഏരിയാ നെററ്വർക്ക്, സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്നതാണ്.

**26.** എന്റെ സർക്കാർ, വാണിജ്യനികുതി വകുപ്പിലും, പൊതുവിതരണ സംവിധാനത്തിലും സമ്പൂർണ്ണ ഇ-ഗവേണൻസ് സൊല്യൂഷൻസ് എത്തിക്കുന്നതാണ്. വരുന്ന സാമ്പത്തിക വർഷം ഇതിന്റെ പ്രാരംഭ ജോലികൾ ആരംഭിക്കുന്നതാണ്. മററു ചില ഇ-ഗവേണൻസ് ഉദ്യമങ്ങളിൽ, മലയാളം കംപ്യൂട്ടിംഗ് പ്രോത്സാഹിപ്പിക്കുക, ഇ-വേസ്റ്റ് നയം വികസിപ്പിക്കുക, കൺടന്റ് മാനേജ്മെന്റ് ഫ്രേം വർക്കായി വെബ്സൈറ്റുകളെ ഉയർത്തുക, ഡിജിററൽ വർക്ക് ഫ്ളോ നടപ്പിലാക്കുക, വിനോദസഞ്ചാരപ്രദേശങ്ങളിൽ വൈ-ഫീ ഹോട്ട് സ്പോട്ടുകളും ഇൻവെന്ററി മാനേജ്മെന്റ് സംവിധാനവും ഏർപ്പെടുത്തുക എന്നിവ ഉൾപ്പെടുന്നതാണ്. ഇ-ഗവേണൻസ് പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ പ്രകടനം കാഴ്ചവയ്ക്കുന്ന വകുപ്പുകൾക്കും, സംഘടനകൾക്കും എന്റെ സർക്കാർ അവാർഡ് നൽകുന്നതുമാണ്.

**27.** എല്ലാ വകുപ്പുകൾക്കും പൗരാവകാശരേഖ തയ്യാറാക്കുന്നതാണ്. പുതിയതായി നിയമിതരാകുന്ന എല്ലാ ജീവനക്കാർക്കും അവരുടെ പ്രവർത്തനനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതാണ്.

**28.** സർക്കാർ ആശുപത്രികളിലേക്ക് ഔഷധങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. പൊതു ആരോഗ്യ സംരക്ഷണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഒരു സംസ്ഥാന ആരോഗ്യ നയം ആവിഷ്ക്കരിക്കും. ജീവിതശൈലിമൂലമുണ്ടാകുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി സമ്പ്രദായങ്ങൾക്കു കീഴിൽ ഏകോപിപ്പിക്കപ്പെട്ട പരിപാടികൾ ആരംഭിക്കുന്നതിന് വരുംവർഷത്തിൽ നടപടി സ്വീകരിക്കുന്നതാണ്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. അപകടത്തിനിരയായവർക്കും ഗുരുതരമായി ക്ഷതമേററവർക്കും അടിയന്തിര പരിചരണങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും 24 മണിക്കൂറും ആംബുലൻസ് സേവനത്തോടുകൂടിയ അത്യാഹിത മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. ജില്ലാ ആശുപത്രികളെ ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പുതിയ ആശുപത്രികൾ 9 ജില്ലകളിൽ ആരംഭിക്കുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ നിലവിലില്ലാത്ത 31 പഞ്ചായത്തുകളിൽ പുതുതായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്. ആയുർവ്വേദ/ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്തിടത്ത് ഘട്ടംഘട്ടമായി പുതിയവ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് നേഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സ്വയംഭരണ സൊസൈറ്റി ആരംഭിക്കുന്നതും ആ സൊസൈററിയുടെ ആഭിമുഖ്യത്തിൽ അടുത്ത അക്കാദമിക് വർഷത്തിൽ, കാസർഗോഡ്, പാലക്കാട്, എറണാകുളം ജില്ലകളിൽ 3 നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതുമാണ്. കോഴിക്കോട്ട് ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് റിസേർച്ച്

ആരംഭിക്കുന്നതാണ്. എല്ലാ പ്രധാന ആശുപത്രികളിലും ബന്ധപ്പെട്ട പൊല്യൂഷൻ കൺട്രോൾ നിയമത്തിന് അനുസൃതമായി മാലിന്യ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

**29.** സാമൂഹ്യക്ഷേമ വകുപ്പ് നടത്തുന്ന വനിതകൾക്കായുള്ള 14 സ്ഥാപനങ്ങളിലെ അന്തേവാസികളെയും ബിരുദധാരികളായ വനിതകളേയും തൊഴിൽ നേടുന്നതിനുള്ള വൈദഗ്ദ്ധ്യം നൽകി സജ്ജരാക്കുന്നതിന് 'ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം' സംഘടിപ്പിച്ചുവരുന്നു. പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 'ചൈൽഡ് ലൈൻ' ആരംഭിച്ചിട്ടുണ്ട്.

**30.** വൃദ്ധജനങ്ങൾ, അഗതികൾ, അവശത അനുഭവിക്കുന്നവർ എന്നിവർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ, സർക്കാരിതര സംഘടനകൾ, ഭാരത സർക്കാർ എന്നിവരിൽ നിന്നുള്ള വിവിധങ്ങളായ വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് ഈ വിഭാഗത്തിന്റെ വർദ്ധിച്ചുവരുന്ന സേവന ആവശ്യങ്ങൾ നിറവേററുന്നതിനായി 'കെയർ ഹോംസ്' ആരംഭിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും സഹകരണത്തോടെ എല്ലാ ജില്ലകളിലും "എൽഡേഴ്സ് പാർക്ക്" ആരംഭിക്കുന്നതാണ്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ സഹായക ഉപകരണങ്ങൾക്കായി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കും. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രധാന നഗരങ്ങളിൽ വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കും. അടുത്ത വർഷം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലേക്കും ചൈൽഡ് ലൈൻ സേവനം വ്യാപിപ്പിക്കുന്നതാണ്. കാൻസർ പോലുള്ള മാരക രോഗങ്ങൾ ചികിത്സിക്കുന്നതിന് പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം നൽകുന്നതാണ്.

31. പഞ്ചസാര, മണ്ണെണ്ണ മുതലായ അവശ്യസാധനങ്ങളുടേയും ഭക്ഷ്യധാന്യങ്ങളുടേയും വില നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സംവിധാനമാണ് സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനക്കമ്മി കേരളത്തിൽ 85% -ൽ അധികമാണെങ്കിലും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഭക്ഷ്യധാന്യങ്ങൾ കൊണ്ട് പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് ഈ ആവശ്യകത നിറവേറ്റുന്നതെന്നും കാണാവുന്നതാണ്. കേരളത്തിലെ 70 ലക്ഷം കുടുംബങ്ങൾ അവശ്യസാധനങ്ങൾക്കായി പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്നു. കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിൽ സാരമായ കുറവ് വരുത്തിയത്, കഴിഞ്ഞ ഒന്നര വർഷക്കാലമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചു. ഇതോടൊപ്പം അടിക്കടി ഉണ്ടാകുന്ന ഇന്ധനവില വർദ്ധനവും ഭാരത സർക്കാരിന്റെ ഉദാരവൽക്കരണ നയവും കാർഷിക ഉൽപ്പന്നങ്ങളുടെ ഊഹക്കച്ചവടവും, എല്ലാ അവശ്യസാധനങ്ങളുടെയും വിലവർദ്ധനവിലേക്ക് നയിച്ചു.

32. പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിനുവേണ്ടി സപ്ലൈകോ കഴിഞ്ഞ മൂന്ന് മാസങ്ങളായി അരിക്കടകൾ വഴി നല്ലയിനം പുഴുക്കലരി കിലോഗ്രാമിന് 14 രൂപയ്ക്കും പച്ചരി കിലോഗ്രാമിന് 13.50 രൂപയ്ക്കും വിതരണം ചെയ്യുന്നുണ്ട്. 2008-09-ൽ 470 പുതിയ സപ്ലൈകോ വിതരണകേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. കോർപ്പറേഷൻ എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാർ സ്ഥാപിക്കുന്നുണ്ട്. തലശ്ശേരി, കോട്ടയം, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിദൂര-ഗോത്ര പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 7 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോ 5,000 മെട്രിക് ടൺ സമ്പുഷ്ട ആട്ട ഉൽപ്പാദിപ്പിച്ച് റേഷൻ കടകൾ വഴി വിതരണം നടത്തുന്നുണ്ട്. 2006 സെപ്റ്റംബർ

മുതൽ അവശ്യസാധനങ്ങളുടെ വില സപ്ലൈകോ വർദ്ധിപ്പിച്ചിട്ടില്ല, എന്നാൽ ദേശീയമായി വില വർദ്ധിക്കുന്ന പ്രവണതയ്ക്ക് വിപരീതമായി, ശരാശരി 15% വില കുറവ് വരുത്തിയിട്ടുണ്ട്. 30% വിലക്കുറവിലാണ് ഔഷധങ്ങൾ വിൽക്കുന്നത്.

33. എ. പി. എൽ./ബി. പി. എൽ. സർവ്വെ പൂർത്തിയായാലുടൻ ലാമിനേറ്റു ചെയ്ത പുതിയ റേഷൻ കാർഡിന്റെ വിതരണം ആരംഭിക്കുന്നതാണ്. എല്ലാ റേഷൻ കാർഡ് ഉടമകളേയും റേഷൻ കടകളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ റേഷൻ കടകൾ നവീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. 2006-07-ൽ സപ്ലൈകോ 2,26,719 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നടപ്പ് സീസണിൽ കിലോയ്ക്ക് 9 രൂപ നിരക്കിൽ 3 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിടുന്നത്.

34. സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2008-09-ൽ എറണാകുളത്തെ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലബോറട്ടറി ബി. ഐ. എസ്. ഹാൾമാർക്ക് സെന്ററായി ഉയർത്താൻ ഉദ്ദേശിക്കുന്നു.

35. 2008-09 മുതൽ 2010-11 വരെയുള്ള 3 വർഷക്കാലയളവിൽ ഉൾനാടൻ മത്സ്യബന്ധനത്തിന്റെയും മത്സ്യവളർത്തലിന്റെയും പുരോഗതിക്കായി ഒരു സംയോജിത പദ്ധതിയായ മത്സ്യകേരളം സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്നതാണ്. ഈ പരിപാടിയിൽ 700 ഗ്രാമപഞ്ചായത്തുകൾ ഊർജ്ജിതമായി പങ്കെടുക്കുകയും ഉദ്ദേശം 10,000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങൾ മത്സ്യം/കൊഞ്ച്/ചെമ്മീൻ വളർത്തുന്നതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യും. 300 കോടി രൂപയുടെ മതിപ്പുചെലവിൽ സമുദ്ര ജീവജാലങ്ങളെ

ക്കുറിച്ചുള്ള ഉന്നത ഗവേഷണവും പഠനവും സുഗമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി കൊച്ചിയിൽ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയം കോംപ്ലക്സും സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിഴിഞ്ഞം, കായംകുളം, തോട്ടപ്പള്ളി, മുതലപ്പൊഴി, പൊന്നാനി എന്നിവിടങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം 2008-09 വർഷത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പുവർഷം ബേപ്പൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതാണ്.

**36.** 1717 ആദിവാസി കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ, 2086 കുടുംബങ്ങൾക്ക് അവകാശ രേഖകളും 302 കുടുംബങ്ങൾക്ക് പട്ടയങ്ങളും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായി ഭൂമി വാങ്ങുന്നതിന് കർഷകത്തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതിനുള്ള പുതിയ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ ജീവിക്കുന്ന ആദിവാസികളുടെ ഉന്നമനത്തിനായി പുതിയ ഒരു പദ്ധതി തുടങ്ങിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ആക്റ്റ് പാസ്സാക്കുകയും കമ്മീഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എം. ബി. ബി.എസ്., ബി. ഡി. എസ്. കോഴ്സുകൾക്ക് ഈ വർഷം പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് വേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയത് കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് സഹായകമായി. സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും സൗജന്യചികിത്സ ഉറപ്പുവരുത്തുന്ന സമഗ്രമായ ആരോഗ്യസംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെലവേറിയ ചികിത്സ സൗജന്യമായി നൽകുന്നതിനുള്ള ഒരു സവിശേഷ പദ്ധതിയാണ് ഇത്.

**37.** ഓരോ ഭൂരഹിത ആദിവാസി കുടുംബത്തിനും കുറഞ്ഞത് ഒരു ഏക്കർ ഭൂമിയെങ്കിലും നൽകുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. കേന്ദ്ര നിയമമായ 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേഴ്സ് (റെക്കഗ്നേഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്റ്റ് നിലവിൽ വന്നിട്ടുള്ളതും സമയബന്ധിതമായി ഈ ആക്റ്റ് നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുമുണ്ട്. റവന്യൂ ഭൂമിയും മിച്ചഭൂമിയും ഈ ആവശ്യത്തിലേക്കായി ഉപയോഗപ്പെടുത്തുന്നതാണ്. അടുത്ത അഞ്ചുവർഷത്തിനകം ഭവന രഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുനരധിവസിക്കപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി മുതലായവ നൽകുന്നതാണ്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എല്ലാ പട്ടികവർഗ്ഗ വാസസ്ഥലങ്ങളും വൈദ്യുതീകരിക്കുക എന്നത് നമ്മുടെ ലക്ഷ്യമാണ്.

**38.** വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിന് നിലവിലുള്ള ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നത് തികച്ചും ആവശ്യമാണെന്ന് എന്റെ സർക്കാർ കരുതുന്നു. അടുത്ത പത്തു വർഷത്തിനുള്ളിൽ 2000 മെഗാ വാട്ട് ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഒരു വലിയ പരിധിവരെ ഉപയോഗപ്പെടുത്തുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ ഊർജ്ജമേഖലകളിൽ കാറ്റിൽനിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതികൾ സ്ഥാപിക്കാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. മൊത്തം 295.9 മെഗാ വാട്ട് ശേഷിയുള്ള 12 പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കെ. എസ്. ഇ. ബി. ഉദ്ദേശിക്കുന്നു. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുടെ 50,000 ഭവനങ്ങളെ വൈദ്യുതീകരിക്കുന്നതിന് പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ

ത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനായി പ്രസരണശൃംഖല ശക്തിപ്പെടുത്തുവാനും അതുവഴി വോൾട്ടേജ് ലെവൽ മെച്ചപ്പെടുത്താനും ഓവർലോഡിങ്ങും പ്രസരണ വിതരണ നഷ്ടവും കുറയ്ക്കുവാനും കെ. എസ്. ഇ. ബി. ഉദ്ദേശിക്കുന്നു.

**39.** എന്റെ സർക്കാർ കക്കയത്തും, ഇടമലയാറിലും, കല്ലാറിലും ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിലെ 72 വിദൂര പിന്നോക്ക വിഭാഗ കോളനികളിൽ സൗരവൈദ്യുതീകരണം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള കേന്ദ്ര സഹായത്തിനായി ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ പ്രാഥമിക അനുമതി അനർട്ട് നേടിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നതാണ്. എന്റെ സർക്കാർ ഊർജ്ജ സംരക്ഷണ ഡി. എസ്. എം. പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ബയോമാസ്സ് എനർജി പ്രോജക്ടുകളുമായി യോജിപ്പിക്കുന്നതാണ്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതാണ്. അനർട്ടിന്റെയും ഇ. എം. സി.-യുടെയും പ്രവർത്തനങ്ങൾ റ്റി. ഇ. എസ്. എം.-നോട് സംയോജിപ്പിക്കുന്നതാണ്.

**40.** ലോക ടൂറിസം രംഗത്ത് കൈവരിച്ച ഉന്നതസ്ഥാനം നിലനിറുത്തുന്നതിലേക്കായി ടൂറിസം വ്യവസായത്തിന്റെ ഉയർച്ചയ്ക്കും ഉന്നമനത്തിനും വിവിധങ്ങളായ വികസന പ്രോത്സാഹന ഉദ്യമങ്ങൾക്ക് ടൂറിസം വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞ 40 വർഷത്തിനുള്ളിലെ ഏറ്റവും മികച്ച ലാഭവും വരുമാനവുമാണ് കെ. റ്റി. ഡി. സി. കൈവരിച്ചിട്ടുള്ളത്.

**41.** 2007 നവംബർ വരെ കേരളത്തിൽ 4,43,594 വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേർന്നിട്ടുള്ളതും ആയത് കാണിക്കുന്നത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉള്ളതിനേക്കാളും 19.43%-ന്റെ വർദ്ധനവുമാണ്. 2006-ൽ ടൂറിസത്തിൽ നിന്നും ലഭിച്ച മൊത്തവരുമാനം 9126 കോടിയാണ്, ഇത് കഴിഞ്ഞ വർഷത്തെ തുകയേക്കാൾ 17.94%-ന്റെ വർദ്ധനവാണ് കാണിക്കുന്നത്. വിനോദ സഞ്ചാരം, വികസനത്തിന്റെ പാതയിലായതിനാൽ വരുംവർഷത്തെ പ്രധാന ഉദ്യമങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകിക്കൊണ്ട് വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെയും ഉല്പന്നങ്ങളുടെയും വികസനത്തിനും/മെച്ചപ്പെടുത്തലിനും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്.

**42.** റെസ്പോൺസിബിൾ ടൂറിസത്തെ സംബന്ധിച്ച ഒരു ധവളപത്രം വകുപ്പ് ഇറക്കുന്നതും ആയത് എന്റെ സർക്കാരിന്റെ ഭാവിയിലുള്ള നയസമീപനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതുമാണ്. കേരളത്തിൽ അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന് നയപരമായ മാർഗ്ഗരേഖകൾ വകുപ്പ് ആവിഷ്ക്കരിക്കുന്നതാണ്. കോഴിക്കോട് ഒരു ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ടൂറിസം ഹോസ്പിറ്റാലിറ്റി പഠനങ്ങളിൽ അക്കാഡമിക് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു ടൂറിസം സ്റ്റഡീബോർഡ് രൂപീകരിക്കുന്നതാണ്.

**43.** 2007-2008 കാലയളവിൽ ശാസ്ത്രസാങ്കേതിക വകുപ്പും അതിന്റെ കുടക്കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളും നിരവധി വൻനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്) കാസർഗോഡ് തിരുവനന്തപുരം ജില്ലകൾക്കിടയിൽ മലയോര പാത വികസിപ്പിച്ചെടുക്കുന്നതിന് ഏറ്റവും അനുയോജ്യമായ റൂട്ട് കണ്ടെത്തിയിട്ടുണ്ട്.

വായിലുണ്ടകുന്ന കാൻസറിന്റെ കാര്യത്തിൽ രോഗബാധിതമല്ലാത്ത കലകളിൽ ഏൽക്കുന്ന റേഡിയേഷന്റെ തീവ്രത കുറയ്ക്കുന്നതിന് സസ്യജന്യ ഉല്പന്നങ്ങൾ രാജീവ്ഗാന്ധി ബയോടെക്നോളജി കേന്ദ്രം (ആർ.ജി.സി.ബി.) വികസിപ്പിച്ചെടുത്തിട്ടുണ്ട്. കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള മോളിക്യൂലാർ മോഡലിംഗ് ഉപയോഗിച്ച് ധാരാളം പുതിയ ലീഡ് മോളിക്യൂളുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ചിക്കൻഗുനിയ രോഗനിർണ്ണയത്തിനും അത് സ്ഥിരീകരിക്കുന്നതിനുമുള്ള 'മോളിക്യുലാർ മെത്തേഡുകൾ' വികസിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും ആർ.ജി.സി.ബി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (റ്റി.ബി.ജി.ആർ.ഐ.) അതിന്റെ സസ്യജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നതും 150 പുതിയ ഇനം സസ്യങ്ങൾ തോട്ടത്തിൽ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ (എം.ബി.ജി.എസ്.) 200 അപൂർവ്വയിനം ജലസസ്യങ്ങളെ അതിന്റെ ശേഖരത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

44. ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി.) കളുടെ രൂപീകരണപ്രവർത്തനങ്ങൾ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിന്റെ തയ്യാറാക്കൽ പൂർത്തിയാക്കുന്നതിലേക്കുള്ള ജോലികൾ ആരംഭിച്ചു കഴിഞ്ഞു. പരിസ്ഥിതി-ജൈവ കൃഷിയുടെ കരടു നയങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ നീർമറി പ്രദേശങ്ങൾ സന്ദർശിക്കുന്ന ജലപക്ഷിജാലങ്ങളുടെ കണക്കെടുപ്പ് കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്വഴി നടത്തിക്കഴിഞ്ഞിട്ടുണ്ട്.

**45.** ഹാനികരമായ മാലിന്യങ്ങളുടെ സംസ്ക്കരണം, സംഭരണം, നിർമ്മാർജ്ജനം എന്നിവയ്ക്കായി ഒരു പൊതു സംവിധാനം എറണാകുളത്ത് അമ്പലമുകളിൽ സ്ഥാപിച്ചുവരുന്നു. സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി ഹാനികരമായ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലമായി കണ്ടെത്തിയ എറണാകുളത്തെ കുഴിക്കണ്ടം തോടിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് മുഖേന നടപടി എടുത്തുവരുന്നു. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ നിരോധനം കർശനമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഇ-മാലിന്യങ്ങൾ നിരീക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ഒരു പ്രത്യേക സെൽ മലിനീകരണ നിയന്ത്രണബോർഡിന്റെ സഹായത്തോടുകൂടി രൂപികരിക്കുന്നതാണ്. മലിനീകരണം, മാലിന്യനിർമ്മാർജ്ജനം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ഏറ്റെടുക്കുന്നതാണ്. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ പീപ്പിൾസ് ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**46.** ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിദേശത്തും മലയാളം പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും, മലയാള ഭാഷയുടെ സർവ്വതോന്മുഖമായ വികസനത്തിനും വേണ്ടി 'മലയാളം മിഷൻ' എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം ആരംഭിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**47.** ഡബ്ല്യുഡബ്ല്യുഡബ്ല്യു.ഇഗസറ്റ്.കേരള.ഗവ.ഇൻ (www.egazette.kerala.gov.in) എന്ന വെബ്സൈറ്റിലുള്ള കേരള ഗസറ്റിന്റെ പ്രസിദ്ധീകരണം, ഗസറ്റ് യഥാസമയവും അനായാസ വുമായി ലഭ്യമാക്കുന്നത് ത്വരിതപ്പെടുത്തുന്നതിൽ, ബഹുദൂരം മുന്നേറിയിരിക്കുന്നു. കൂടാതെ ഡിജിറ്റൽ ആർക്കേവിൽ മുൻ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഗവൺമെന്റ് പ്രസ്സുകളുടെ നിർദ്ദിഷ്ട ഉല്പാദനശേഷി വർദ്ധിപ്പി ക്കുന്നതിലൂടെയും സാങ്കേതിക ശേഷി ഉയർത്തുന്നതിലൂടെയും ഗവൺമെൻറ് പ്രസ്സുകൾ, ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതുൾ പ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ ആധുനിക അച്ചടി ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാകുന്നതാണ്. വിവിധ പരീക്ഷകൾക്ക് ചോദ്യപേപ്പർ അച്ചടിക്കുന്നത് പോലെയുള്ള വളരെ ഉയർന്ന തരത്തിലുള്ള രഹസ്യ സ്വഭാവം ആവശ്യമായ ജോലികൾ ഏറ്റെടുക്കുവാൻ പര്യാപ്തമായ ഒരു അതീവ സുരക്ഷാ അച്ചടി വിഭാഗം തുടങ്ങുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കുറഞ്ഞ ചെലവിൽ സാമഗ്രികൾ വാങ്ങുന്നതിനും, സർക്കാർ വകുപ്പുകൾക്കും ഉപയോക്താക്കൾക്കും യഥാസമയം സേവനം നൽകുന്നതിനുമായി, ഇ-പ്രൊക്യുർമെന്റ് ഉൾപ്പെടെയുള്ള ഒരു കമ്പ്യൂട്ടർവൽക്കൃത ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം, ഏർപ്പെടുത്തുവാൻ സ്റ്റേഷനറി വകുപ്പ് ഉദ്ദേശിക്കുന്നു.

**48.** കേരള എഡ്യൂക്കേഷൻ ആക്റ്റ് ആന്റ് റൂൾസ്—പരിഷ്ക്കരി ക്കുന്നതു സംബന്ധിച്ചു നിർദ്ദശിക്കുന്നതിനായി ഒരു കമ്മീഷനെ സംസ്ഥാനം നിയമിച്ചിട്ടുള്ളതും അതിന്റെ റിപ്പോർട്ട് ഇതിനകം തന്നെ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇത് എന്റെ സർക്കാരിന്റെ പരിഗണനയിലാണ്. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും പഠന വൈഷമ്യമനുഭവിക്കുന്ന കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി ഒരു പ്രത്യേക പരിപാടി ആരംഭിക്കുന്ന താണ്. ബുദ്ധിമാന്ദ്യമുള്ളവരെ അവരുടെ വൈകല്യത്തിന്റെ

വ്യാപ്തി അനുസരിച്ച് തരംതിരിച്ച് ഓരോ വിഭാഗത്തിനും വേണ്ടി പ്രത്യേകം പാഠ്യപദ്ധതിയും പഠനസാമഗ്രികളും തയ്യാറാക്കുന്നതുമാണ്. എസ്. സി. ഇ. ആർ. ടി. സ്ഥാപിച്ചത് 1994-ൽ ആണെങ്കിലും കേരളത്തിലെ പാഠ്യപദ്ധതിയിലും ബോധന വിദ്യയിലും അനുബന്ധപ്രശ്നങ്ങളിലും ഗൗരവതരമായ ഗവേഷണങ്ങൾ ഏറ്റെടുക്കുന്ന മുഖ്യസ്ഥാപനമായി അതിനെ ഇനിയും വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ എസ്. സി. ഇ. ആർ. ടി. യുടെ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. സർവ്വശിക്ഷാ അഭിയാൻ പദ്ധതി പത്താം ക്ലാസുവരെ വ്യാപിപ്പിക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**49.** തിരുവനന്തപുരത്ത് വിതുരയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച് (ഐ.ഐ.എസ്.ഇ.ആർ.) സ്ഥാപിക്കുന്നതിനായി 200 ഏക്കർ സ്ഥലം നീക്കി വയ്ക്കാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഭാരത സർക്കാരിന്റെ മാനവ വിഭവശേഷി വികസന മന്ത്രാലയം, സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും ഔപചാരികമായ പ്രഖ്യാപനം അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ (കുസാറ്റ്) ഒരു ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആയി ഉയർത്തുന്നതിന് ഭാരത സർക്കാർ തെരഞ്ഞെടുത്തത് സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒരു കാര്യമാണ്. ഇപ്രകാരം ഉയർത്തുന്നതോടുകൂടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രാജ്യത്തെ ശാസ്ത്ര സാങ്കേതിക രംഗത്തെ മുഖ്യ കേന്ദ്രങ്ങളിലൊന്നായി മാറുന്നതാണ്. ഒരു ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജിയും കേന്ദ്ര സർവ്വകലാശാലയും കേരളത്തിൽ ലഭിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ

ദീർഘകാലമായുള്ള ആവശ്യത്തിനു നമ്മൾ ഊർജ്ജിതമായി യത്നിച്ചു വരികയാണ്. കേന്ദ്ര സർവ്വകലാശാലയ്ക്കായുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുള്ളതും ഐ. ഐ. ടി. യെ സംബന്ധിച്ച നമ്മുടെ അഭ്യർത്ഥന ഇപ്പോൾ ഭാരത സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. ഭാരതത്തിലെ മുസ്ലീം സമുദായത്തിന്റെ ജനസംഖ്യാ സ്ഥിതി വിവരങ്ങളിലേക്ക് വെളിച്ചം വീശിയ സച്ചാർ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ അറബിഭാഷാ പഠനത്തിനും ഗവേഷണത്തിനുമായുള്ള ഒരു അന്താരാഷ്ട്ര പഠന കേന്ദ്രം എന്റെ സർക്കാർ സ്ഥാപിക്കുന്നുണ്ട്.

**50.** സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റിൻകീഴിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിച്ചതാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്റെ സർക്കാർ കൊണ്ടുവന്ന പ്രധാനപ്പെട്ട ഉദ്യമങ്ങളിൽ ഒന്ന്. ഉന്നത വിദ്യാഭ്യാസത്തിൽ സംസ്ഥാനത്തിന്റെ കരടുനയം രൂപപ്പെടുത്തിയിട്ടുള്ളതും അത് ഇപ്പോൾ ബന്ധപ്പെട്ടവർ ചർച്ചചെയ്തു വരികയുമാണ്. നമ്മുടെ സംസ്ഥാന ജനതയുടെ ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ നീതിപൂർവ്വകമായ എല്ലാ വശങ്ങളും മെച്ചപ്പെടുത്തുന്നതിലും ക്രിയാത്മകമായി മുഖ്യപങ്ക് വഹിക്കുന്ന ഈ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസം പ്രാപ്തമാക്കുന്നത് സുഗമമാക്കുന്നതിനായി, കൗൺസിൽ ഒരു ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**51.** ഭാരതത്തിലെ പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളിലെ പ്രഗൽഭരായ സാങ്കേതിക വിദഗ്ധരുമായി, എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും സംവദിക്കാൻ അവസരമൊരുക്കുന്ന ഒരു നൂതന പദ്ധതി-വിസിറ്റിംഗ് അക്കാഡെമിഷ്യൻസ് പ്രോഗ്രാം 2008-ഏപ്രിലിൽ ആരംഭിക്കുന്നതാണ്. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഒരു എഞ്ചിനീയറിംഗ് റിസർച്ച് കേന്ദ്രം കേരളത്തിൽ എന്റെ സർക്കാർ സ്ഥാപിക്കുന്നതാണ്. പതിനൊന്നാം പദ്ധതിക്കാലത്ത് ഏഴ് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതാണ്. കേരളാ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ലൈബ്രറിയായി പുനഃസംഘടിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്വയം ചെക്ക്-ഇൻ, ചെക്ക്-ഔട്ട് സൗകര്യങ്ങളോടുകൂടി, ആധുനിക സൗകര്യങ്ങളോടുകൂടിയ ആർ.എഫ്. ഐ. ഡി. സംവിധാനത്തോടെ, ലൈബ്രറി പൂർണ്ണമായും സജ്ജമാക്കുന്നതാണ്. രാജാരവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്ട് ആന്റ് ഡിസൈൻ, സ്വദേശാഭിമാനി സ്കൂൾ ഓഫ് ജേർണലിസം എന്നിവയെ യഥാക്രമം സുകുമാര കലകളിലും പത്രപ്രവർത്തനത്തിലും മികവിന്റെ കേന്ദ്രങ്ങളായി സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**52.** വ്യാജ മദ്യ ഭീഷണി പരിപൂർണ്ണമായി ഇല്ലാതാക്കാൻ എന്റെ സർക്കാർ തികച്ചും പ്രതിജ്ഞാബദ്ധമാണ്. അതുപോലെ തന്നെ പരമ്പരാഗത വ്യവസായവും തൊഴിലധിഷ്ഠിതവുമായ കള്ള് വ്യവസായത്തെ സംരക്ഷിക്കുക എന്നത് എന്റെ സർക്കാരിന്റെ ലക്ഷ്യമാണ്. ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും നൽകി വകുപ്പിനെ ശക്തിപ്പെടുത്തുന്നതാണ്. അതുപോലെ തന്നെ കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥരെ

നിയമിക്കുകയും എക്സൈസ് അക്കാദമിയിൽ പരിശീലനം നൽകുകയും ചെയ്യുന്നതാണ്. വ്യാജ മദ്യം, കഞ്ചാവ് മുതലായവ കടത്തുന്നത് കണ്ടുപിടിക്കുന്നതിനായി എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിൽ സംയോജിത സർവെയിലൻസ് പോസ്റ്റ് ഏർപ്പെടുത്തുന്നതാണ്. ആവശ്യമായിടത്തെല്ലാം സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതാണ്. ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ മില്ലും (സി. എച്ച്. ഐ. സി., ഒ. പി. എസ്.) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസും (റ്റി.എസ്.സി.എൽ.) പുനരുദ്ധരിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**53.** വാണിജ്യ നികുതി വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും വ്യാപാരികൾക്ക് തൃപ്തികരമായ സേവനം നൽകുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റോഡുകൾ മെച്ചപ്പെടുത്തുന്നതുൾപ്പെടെ പാലക്കാട് ജില്ലയിലെ എല്ലാ ചെക്ക് പോസ്റ്റുകളും നവീകരിച്ചുകഴിഞ്ഞു. കാര്യക്ഷമമായ വാഹന പരിശോധന സുഗമമാക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വാളയാറിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതാണ്.

**54.** കേരള സംസ്ഥാന ലോട്ടറി വകുപ്പ്, ലോട്ടറി ടിക്കറ്റ് വില്പന വഴി സംസ്ഥാനത്തിന് നികുതിയേതര വരുമാനം സമാഹരിക്കുന്ന ഒരു മുഖ്യ സ്രോതസ്സായി നിലകൊള്ളുന്നു. നടപ്പ് സാമ്പത്തികവർഷം കൂടുതലായി 5 പ്രതിവാര ലോട്ടറികളും ഒരു പ്രതിമാസ ലോട്ടറിയും കൂടി നടത്തുന്നതാണ്.

**55.** കഞ്ചാവ് കൃഷിക്കാർക്കെതിരെയും വനംകുറ്റവാളികൾക്കെതിരെയുമുള്ള കർക്കശമായ പോരാട്ടം തുടരാൻ

എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. റെയ്ഡുകളും പിടിച്ചെടുക്കലുകളും വിജയകരമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതും, തത്ഫലമായി വൻതോതിൽ ചന്ദനത്തടികളും ചന്ദനത്തൈലവും പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പാമ്പിൻ വിഷം, കടുവാത്തോൽ, മറ്റു വന്യജീവി വിഭവങ്ങൾ എന്നിവ പിടിച്ചെടുത്തുകൊണ്ട് വന്യജീവി കുറ്റവാളികളെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

**56.** ലോക പരിസ്ഥിതി ദിനത്തിൽ, സ്കൂൾ വിദ്യാർത്ഥികൾ ഏകദേശം 25 ലക്ഷത്തോളം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച, "മൈ ഓൺ ട്രീ" (എന്റെ മരം) എന്ന പേരിലുള്ള പദ്ധതി, സ്ഥിരമായ ഒരുവാർഷിക പരിപാടിയായി തുടരുന്നതാണ്. 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ഫോറസ്റ്റ് ഡ്വല്ലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്റ്റ്, ആദിവാസികളും വനവും തമ്മിലുള്ള സഹവാസബന്ധം മെച്ചപ്പെടുത്തിക്കൊണ്ട് ആദിവാസികൾക്കും വനമേഖലകൾക്കും പരമാവധി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ, നടപ്പിലാക്കുന്നതാണ്. ഔഷധ സസ്യങ്ങൾക്കും വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കുമുള്ള ആവശ്യകത വർദ്ധിച്ചുവരികയാണെന്ന വസ്തുത എന്റെ സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. ആയതിനാൽ ഔഷധ സസ്യബോർഡ്, ദേശീയ വനവല്ക്കരണ പരിസ്ഥിതി വികസന ബോർഡ് മുതലായ സ്ഥാപനങ്ങളിൽ നിന്നുമുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായം പ്രയോജനപ്പെടുത്തി, വനം വകുപ്പിന്റേയും കേരള വനവികസന കോർപ്പറേഷന്റേയും വനപ്രദേശങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നത് ത്വരിതപ്പെടുത്തുന്നതാണ്. തടി അധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് വനം വകുപ്പിന്റേയും കേരള വനം

വികസന കോർപ്പറേഷന്റേയും വനപ്രദേശങ്ങളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്. മനുഷ്യസമൂഹത്തിന് പരമാവധി പ്രയോജനം ലഭിക്കുന്നതിനായി, വനപ്രദേശങ്ങൾക്കകത്തും പുറത്തുമുള്ള ജൈവ വൈവിധ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഒരു സമഗ്ര വന നയവുമായി എന്റെ സർക്കാർ മുന്നോട്ടുവരുന്നതാണ്.

**57.** പുരാവസ്തുവകുപ്പ് സ്മാരകങ്ങളും, പുരാതനവസ്തുക്കളും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ഗ്രാമ-ജില്ലാ- പഞ്ചായത്തുതലത്തിൽ ഒരു പുരാവസ്തു സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. താളിയോലരേഖകൾ സംരക്ഷിക്കുന്നതിനും, പരിഭാഷപ്പെടുത്തുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി പുരാരേഖവകുപ്പ് ഏറ്റെടുക്കുന്നതാണ്. ശാശ്വതമൂല്യമുള്ള രേഖകളുടെ സംരക്ഷണത്തിനും സൂക്ഷിപ്പിനും ജില്ലാതലത്തിൽ സൂക്ഷിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി, സെക്കന്ററി-ഹയർസെക്കന്ററി സ്കൂൾ തലത്തിൽ ഒരു ചലച്ചിത്ര ആസ്വാദനകോഴ്സ് നടത്തുന്നതാണ്. ചലച്ചിത്രോത്സവ സമുച്ചയത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതാണ്.

**58.** എന്റെ സർക്കാർ, 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ആക്റ്റ് പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കുറ്റാന്വേഷണം, ക്രമസമാധാന പാലനത്തിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. കേരള നിയമസഭ, കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ ഐകകണ്ഠേന പാസ്സാക്കി. സംസ്ഥാനത്തെ സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ

ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമം. സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷ സംരക്ഷിക്കുന്നതിന് വൈദഗ്ദ്ധ്യം നേടിയ ഒരു ആഭ്യന്തര സുരക്ഷാ വിഭാഗം, പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിൻ കീഴിൽ (ഇന്റലിജൻസ്), എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഒരു സൈബർ ക്രൈം ഫോറൻസിക് വർക്ക് സ്റ്റേഷനും, ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലും, കേരള പോലീസ് കംപ്ലയിൻസ് അതോറിറ്റിയും, സംസ്ഥാന സുരക്ഷാ കമ്മീഷനും സ്ഥാപിച്ചിട്ടുണ്ട്.

59. ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ജോലി, തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ളതും, തൃശ്ശൂർ, എറണാകുളം, കോട്ടയം ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മൂന്ന് പുതിയ ജയിലുകൾ (ചീമേനിയിലെ തുറന്ന ജയിൽ, ഹോസ്ദുർഗ്ഗ്, ചിറ്റൂർ എന്നിവിടങ്ങളിലെ സബ്ജയിലുകൾ) നടപ്പുവർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂരിലെ വിയ്യൂരിൽ ഫയർ സർവ്വീസ് അക്കാഡമി ഉദ്ഘാടനം ചെയ്യപ്പെടുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചാമക്കടയിൽ (കൊല്ലം ജില്ല) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി ഒരു പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

60. ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ, 'ജനമൈത്രി സുരക്ഷാ പദ്ധതി' എന്ന പേരിൽ കമ്മ്യൂണിറ്റി പോലീസിംഗ് സ്കീം നടപ്പാക്കാൻ എന്റെ സർക്കാർ തീരുമാനിക്കുകയും പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യ ഘട്ടമായി പരവൂർ, അടൂർ, വൈക്കം, ചേർത്തല, തൊടുപുഴ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, പെരിന്തൽമണ്ണ, കല്പറ്റ, പയ്യന്നൂർ, കാസർഗോഡ് എന്നീ മുനിസിപ്പാലിറ്റികളേയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ

നഗരസഭകളേയും തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗം ആൾക്കാരുടെയും സഹകരണത്തോടെ പോലീസിംഗ് കാര്യക്ഷമമാക്കുകയാണ് എന്റെ സർക്കാരിന്റെ സമീപനം. പോലീസ് സ്റ്റേഷനുകളിൽ ലഭ്യമായ സൗകര്യങ്ങൾ യഥാവിധി നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും പടിപടിയായി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

61. പോലീസിന്റെ വർദ്ധിച്ചുവരുന്ന ഉത്തരവാദിത്വങ്ങളും പോലീസുകാർക്ക് സങ്കീർണ്ണമായ തരത്തിലുള്ള നാനാവിധ കാര്യങ്ങളിലും വൈദഗ്ദ്ധ്യമുണ്ടാകേണ്ട കാര്യവും പരിഗണിച്ച്, പോലീസിലേക്ക് നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത ഹയർസെക്കന്ററിയോ അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയോ ആയി ഉയർത്തണമെന്ന് ഉദ്ദേശിക്കുന്നു. ലോക്കൽ പോലീസിൽ സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ, ഡി.വൈ. എസ്. പി. തലത്തിൽ വനിതകളുടെ പ്രാതിനിധ്യം ഇപ്പോൾ അത്യന്തം അപര്യാപ്തമാണ്. ആയതിനാൽ ലോക്കൽ പോലീസിലെ സബ് ഇൻസ്പെക്ടർ കേഡറിലേക്ക് വനിതാ ഉദ്യോഗാർത്ഥികളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തിരഞ്ഞെടുക്കുന്നതിന് അപേക്ഷിക്കാൻ അവസരം നൽകുന്നതാണ്. നിലവിലുള്ള കൊല്ലം, തൃശ്ശൂർ പോലീസ് ജില്ലകൾ സിറ്റി, റൂറൽ പോലീസ് ജില്ലകൾ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നതാണ്. കേരള പോലീസിൽ കായിക താരങ്ങൾക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പുനരാരംഭിക്കുകയും, വരുന്ന വർഷം ക്രിക്കറ്റ്/ഫുട്ബോൾ/വോളിബോൾ എന്നീ ഇനങ്ങളിലെ സംസ്ഥാനത്തെ യുവ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള പോലീസ് മേൽപ്പറഞ്ഞ ഇനങ്ങളിലുള്ള ടീമുകളെ തിരഞ്ഞെടുക്കുന്നതുമാണ്.

62. ജയിലിൽ നിന്ന് മോചിപ്പിക്കപ്പെട്ട ശേഷം ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് പ്രാപ്തരാക്കാൻ തടവിൽ കഴിയുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ്. ജയിൽ സ്ഥാപനങ്ങളുടെ

കമ്പ്യൂട്ടറൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്. ജയിലിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി എടുക്കുന്നതാണ്. സെൻട്രൽ ജയിലുകളിൽ ഹൈടെക് നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതാണ്. ജയിലിൽ ആധുനിക വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ നൽകുകയും ഡിജിറ്റൽ ക്യാമറകൾ വാങ്ങുകയും ചെയ്യുന്നതാണ്.

63. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ വാങ്ങിക്കൊണ്ട് മൂന്ന് അനാലിറ്റിക്കൽ ലബോറട്ടറികളുടെ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) പരിശോധനാ സൗകര്യം വർദ്ധിപ്പിക്കാൻ ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഉദ്ദേശിക്കുന്നു. ഒരു പുതിയ റിപ്പോർട്ട് ജനറേഷൻ ആന്റ് ലബോറട്ടറി ഇൻഫർമേഷൻ സോഫ്റ്റ് വെയർ വികസിപ്പിച്ചും കമ്പ്യൂട്ടർശൃംഖല സാങ്കേതിക വിഭാഗത്തിലേക്ക് വ്യാപിപ്പിച്ചുകൊണ്ടും രാസപരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന സമയം പരമാവധി കുറയ്ക്കുവാനും ഉദ്ദേശിക്കുന്നു. ആധുനിക അഗ്നിശമന ഉപകരണങ്ങളും വാഹനങ്ങളും ഉൾപ്പെടുത്തി ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് ആധുനികവൽക്കരിക്കുന്നതാണ്.

64. മോട്ടോർ വാഹനവകുപ്പ് അതിന്റെ സേവനപ്രവർത്തനങ്ങളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൊതുജനത്തിന് വിവിധ സേവനങ്ങൾ ഏകജാലകത്തിലൂടെ ലഭിക്കുന്ന "ഏതു സേവനവും ഏതുകൗണ്ടറിലും" സംവിധാനം നടപ്പിലാക്കി തിരുവനന്തപുരം ആർ. ടി. ഓഫീസ് "ഒരു മാതൃകാ ഓഫീസ്" ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു 'റോഡ് സുരക്ഷാ അതോറിറ്റി' സ്ഥാപിക്കുകയും റോഡ് സുരക്ഷാ നടപടികൾക്കുള്ള ചെലവിനായി വാഹന ഉടമകളിൽ നിന്ന് ഒറ്റത്തവണ സെസ്സ് പിരിച്ചെടുത്ത് ഒരു 'റോഡ് സുരക്ഷാനിധി' രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോറിറ്റി 1-1-2008-ൽ നിലവിൽ

വന്നു. വർദ്ധിച്ചുവരുന്ന വാഹന ഗതാഗതം നേരിടുന്നതിനായി ചെക്ക്പോസ്റ്റുകളെ നെറ്റ്വർക്കിംഗ് നടത്തി അവയെ, വകുപ്പ് ആധുനികവല്ക്കരിക്കുന്നതാണ്. ഹൈവേയുടെ പ്രധാന ഭാഗങ്ങളിൽ ഗതാഗതം നിരീക്ഷിക്കുന്നതിന് ഒരു റഡാർ മേൽനോട്ട സംവിധാനവും ഈ വർഷം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

65. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വർക്ക്ഷോപ്പുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വരുന്ന സാമ്പത്തികവർഷം 1000 പുതിയ ബസ്സുകൾ ഇറക്കാൻ കെ. എസ്. ആർ. ടി. സി. ഉദ്ദേശിക്കുന്നു. മുപ്പത് സൂപ്പർ ഡീലക്സ് സർവ്വീസുകൾകൂടി ഏർപ്പെടുത്തുകയും നോൺ ഓപ്പറേറ്റിംഗ് റവന്യു വർദ്ധിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട മുപ്പത് ഡിപ്പോകളിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ നിർമ്മിക്കുകയും ചെയ്യുന്നതാണ്. പൂർണ്ണമായ കമ്പ്യൂട്ടറൈസേഷനിലൂടെ കെ.എസ്.ആർ.ടി.സി. അതിന്റെ ഓഫീസുകൾ നവീകരിക്കും. ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതാണ്. മലബാർ പ്രദേശങ്ങളിൽ കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തും. മോഷണം ഒഴിവാക്കുന്നതിന് എല്ലാ ഡിപ്പോകളിലും ഇ.ടി.എം.എസ്. ഏർപ്പെടുത്തും. പാപ്പനംകോട് സെൻട്രൽ വർക്സിലെ വർക്ക്ഷോപ്പ് ഒരു "മാതൃകാ വർക്ക്ഷോപ്പ്" ആക്കുന്നതാണ്. എല്ലാ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകുന്നതാണ്. ഈ വർഷം പുതുതായി നിർമ്മിച്ച രണ്ട് സ്റ്റീൽ ബോട്ടുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് ജലത്തിലിറക്കുകയും 2007 നവംബറിൽ കുട്ടനാട്ടിലെ കർഷക തൊഴിലാളികൾക്ക് ഗതാഗത സൗകര്യം നൽകുന്നതിന് 'ഒരു കായൽ സർവ്വീസ്' ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

66. കേന്ദ്ര സർക്കാരിൽ നിന്ന് സമീപകാലത്ത് തത്വത്തിൽ അംഗീകാരം നേടിയ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി ആവശ്യമായ 137 ഏക്കർ ഭൂമിയും കണ്ണൂർ

അന്താരാഷ്ട്ര വിമാനത്താവളത്തിനായി 2000 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടി എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. ഡി.എം.ആർ.സി. മാതൃകയിലുള്ള കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റിന്റെ പണി ഈ വർഷം ആരംഭിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലഭ്യമായ ഭൂമിയിൽ ഐ.ടി. പാർക്ക് ഉൾപ്പെടെയുള്ള ബൃഹത്തായ പദ്ധതികൾ ആരംഭിക്കും.

67. ജെ.ബി.ഐ.സി. സഹായത്തോടെയുള്ള കേരള ജല വിതരണ പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി സമയപരിധിക്കുള്ളിൽ കമ്മീഷൻ ചെയ്യുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. ദുർബലമായ അണക്കെട്ടിന്റെ പ്രശ്നത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ മുല്ലപ്പെരിയാറിൽ ഒരു പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി എന്റെ സർക്കാർ മുന്നോട്ടു പോകുന്നതാണ്. സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ കൂടുതൽ കാര്യക്ഷമവും പങ്കാളിത്തപരവുമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പ്രധാന നവീകരണ പരിപാടി എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. ജലവിഭവങ്ങളുടെ സംയോജിതവും സുസ്ഥിരവുമായ കൈകാര്യം ചെയ്യലിനും വികസനങ്ങളുടെയും പരിസ്ഥിതിയുടെയും വൈവിധ്യമായ ആവശ്യങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനുമായിട്ടുള്ള ജല നയത്തിന്റെ കരടിന് അന്തിമ രൂപം നൽകുന്നതാണ്. കുടിവെള്ളത്തിന്റെ ഉപയോഗത്തിൽ കൂടുതൽ ഉത്തരവാദിത്വം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെ, കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ്സ് ആക്റ്റ്, ഓർഡിനൻസ് വഴി ഭേദഗതി ചെയ്തിട്ടുണ്ട്. ഈ ഭേദഗതികൾ അനധികൃത ജലം ചോർത്തലിനും മറ്റുതരത്തിലുള്ള ദുരുപയോഗത്തിനുമെതിരെ കർശന നടപടി എടുക്കുന്നതിന് കേരള ജല അതോറിറ്റിയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ജലഗുണനിലവാരത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനും കുടി വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ട നടപടിയെടുക്കുന്നതിനുമായി 'സുജല' എന്ന പേരിൽ ഒരു ബൃഹത്തായ ബോധവൽക്കരണ പരിപാടി

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജല പരിശോധനാ ലാബോറട്ടറികളുടെ ഒരു ശൃംഖല കേരള വാട്ടർ അതോറിറ്റിയുടെയും ഭൂഗർഭജല വകുപ്പിന്റെയും കീഴിൽ സ്ഥാപിക്കുന്നതാണ്. 1200 കോടി രൂപയുടെ പദ്ധതി അടങ്കലോടെ സംസ്ഥാനത്താകെ 400 പഞ്ചായത്തുകളെ ഉൾപ്പെടുത്തി 'ജലനിധി' പദ്ധതി വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**68.** എൽ.ഡി.എഫ്. സർക്കാരിന്റെ സുപ്രധാന പരിപാടിയായ ഇ.എം.എസ്. പാർപ്പിടപദ്ധതി എന്റെ സർക്കാർ ഘട്ടംഘട്ടമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതാണ്. വരും വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ ലക്ഷം വീടുകളും പുതുക്കിപ്പണിയുന്നത് ഘട്ടംഘട്ടമായി ഏറ്റെടുക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അടുത്തവർഷം ലക്ഷംവീട് പദ്ധതിയിൻകീഴിലുള്ള 14,000 വീടുകൾ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യുന്നതാണ്.

**69.** സ്ഥലത്തിന്റെയും നിർമ്മാണവസ്തുക്കളുടെയും വില വർദ്ധിച്ചുവരുന്നതിന്റെ ഫലമായി എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾക്ക് പ്രത്യേകിച്ചും നിശ്ചിത വരുമാനക്കാർക്ക് സ്വന്തം വീട് നിർമ്മിക്കുന്നതിന് വളരെയധികം പ്രയാസം നേരിടുന്നുണ്ട്. ഈ പ്രശ്നം ലഘൂകരിക്കുന്നതിനായി, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പ നല്കുന്നതിനായി ഒരു ഹൗസിംഗ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേന്ദ്ര/ സംസ്ഥാന സർക്കാർ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, തദ്ദേശാധികാര സ്ഥാനങ്ങൾ, പ്രവാസി ഭാരതീയർ, പാർലമെന്റ് അംഗങ്ങൾ, നിയമ സഭാംഗങ്ങൾ മുതലായവരുടെ സംഭാവനയോടെ ഒരു 'ഹൗസിംഗ് റിലീഫ് ഫണ്ട്' രൂപീകരിച്ചുവരുന്നു. സംസ്ഥാനത്ത് അഞ്ച് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണ്. തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് സെന്റർ ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതാണ്.

**70.** എന്റെ സർക്കാർ സാമൂഹ്യക്ഷേമകരമായ വിവിധ നിയമ നിർമ്മാണങ്ങൾ നടപ്പിലാക്കുന്നതിൽ എല്ലായ്പ്പോഴും മുന്നിലാണ്. കാർഷിക കടാശ്വാസ കമ്മീഷന്റെ രൂപീകരണം നടപ്പുവർഷത്തിൽ സ്വീകരിച്ച അത്തരത്തിലുള്ള ഒരു നടപടിയാണ്, ആയത് രാജ്യത്ത് ആ വിധത്തിലുള്ള ആദ്യത്തേതുമാണ്. കടുത്ത നികത്തൽ ഭീഷണി നേരിടുന്ന സംസ്ഥാനത്തെ അവശേഷിക്കുന്ന നെൽവയലുകൾ സംരക്ഷിക്കുന്നതിനായി ഒരു ബിൽ അവതരിപ്പിക്കുന്നതാണ് നൂതനമായ മറ്റൊരു നടപടി. പതിനഞ്ചോ അതിൽ കൂടുതലോ വർഷങ്ങളായി പുനർ-വിളംബരം ചെയ്തുകൊണ്ടിരുന്ന, നാല് പ്രധാന ഓർഡിനൻസുകൾക്ക് പകരമായി സംസ്ഥാന നിയമസഭയുടെ ആക്റ്റുകൾ കൊണ്ടുവന്നിട്ടുണ്ട്. മുഴുവൻ പൊതുമുതൽ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് എന്റെ സർക്കാർ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. സർക്കാർ ഭൂമി വൻതോതിൽ കയ്യേറിയതായി വിശദമായ അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. എന്റെ സർക്കാർ ഇക്കാര്യത്തിൽ എല്ലാ സാഹചര്യങ്ങളും വിശദമായി പരിശോധിക്കുകയും അപ്രകാരമുള്ള കൈയേറ്റങ്ങൾക്കെതിരെ കർശനമായ നടപടികൾ എടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ഏകദേശം 18,000 ഏക്കർ ഭൂമി തിരിച്ചെടുക്കുവാൻ എന്റെ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ പാട്ട വ്യവസ്ഥ ലംഘിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും പാട്ട ഭൂമി തിരിച്ചെടുക്കുന്നതാണ്.

**71.** ഭൂരഹിതരായ പാവപ്പെട്ടവർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും സർക്കാർ 60044 പട്ടയങ്ങളും (ടൈറ്റിൽ ഡോക്യുമെന്റ്) അവകാശ രേഖകളും നൽകിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലുകളിലും വിവിധ കോടതികളിലും തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കി ശേഷിക്കുന്ന മിച്ചഭൂമിയും ഏറ്റെടുക്കുന്നതിനുള്ള ആത്മാർത്ഥവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ സർക്കാരിന്റെ കാലത്ത്

50000 ഏക്കറോളം ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി, 3300 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ഒരു പദ്ധതി കോട്ടയം ജില്ലയിൽ പൂർത്തീകരിച്ചിട്ടുള്ളതും മറ്റ് ജില്ലകളിൽ പൂർത്തീകരിച്ചുവരുന്നതുമാണ്. പ്രത്യേകം പ്രത്യേകം ആവശ്യങ്ങൾക്കായി റവന്യൂ ഓഫീസിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളെ ഒന്നിച്ചു ചേർത്തിട്ടുള്ളതുകൊണ്ടും നടപടിക്രമങ്ങൾ ലഘൂകരിച്ചതുകൊണ്ടും പൊതുജനങ്ങൾക്ക് ഓരോ സർട്ടിഫിക്കറ്റിനുവേണ്ടി ഓരോ സമയത്ത് റവന്യൂ അധികൃതരെ സമീപിക്കേണ്ടതായിട്ടില്ല. കേരളത്തിലെ 9 തീരദേശ ജില്ലകളിൽ ഏറ്റെടുത്തിട്ടുള്ള 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതികൾ പൂർണ്ണതോതിൽ നടന്നുവരുന്നു.

**72.** ഒരു കരട് ഭൂനയം എന്റെ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന് അനുസൃതമായി ആവശ്യമായ നിയമനിർമ്മാണം നടത്താനും വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ ഭാവിയിലുള്ള വികസനം എന്ന കാഴ്ചപ്പാടോടെ സർക്കാർ ഭൂമിയുടെ പ്രൊഫഷണൽ മാനേജ്മെന്റിനും സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി യുക്തിപൂർവ്വം വിനിയോഗിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന ഭൂബാങ്ക് എന്നറിയപ്പെടുന്ന ഒരു നൂതന ആശയത്തിന് റവന്യൂ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. പുറമ്പോക്ക് ഭൂമി, റവന്യൂ ഭൂമി, പാട്ട ഭൂമി, വിലയ്ക്ക് വാങ്ങിയ ഭൂമി, മിച്ചഭൂമി തുടങ്ങിയ സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ ഭൂമിയും പ്രസ്തുത ഭൂബാങ്കിനുകീഴിൽ കൊണ്ടുവരുന്നതാണ്. ഇത് ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഇടയിൽ വിതരണം നടത്തുന്നതിന് ഭൂമി നൽകുക കൂടി ചെയ്യുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും പ്രത്യേകിച്ച് പ്രധാന പട്ടണങ്ങളിലും നഗരങ്ങളിലും ലഭ്യമായിട്ടുള്ള ഭൂമിയിൽനിന്നും പരമാവധി വരുമാനം ഉണ്ടാക്കുന്നതിനുള്ള പുതിയ പദ്ധതികൾക്ക് ഭൂബാങ്ക് തുടക്കമിടും.

**73.** 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അതർ ട്രഡീഷണൽ ഫോറസ്റ്റ് ഡൊല്ലേഴ്സ് (റികഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമായിത്തീരുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പൊതു ആവശ്യങ്ങൾക്കായി സർക്കാർ, ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് അനുയോജ്യമായ ആശ്വാസ പുനരധിവാസ പദ്ധതികൾ സ്വീകരിക്കുന്നതിനായി ഉചിതമായ ഒരു പാക്കേജിന് രൂപം നൽകുന്നതാണ്.

**74.** മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടുത്തെ വിശ്വാസികളുടെ അഭിലാഷം പൂർത്തീകരിക്കുന്നതിനുമായി കഴിഞ്ഞവർഷം വാഗ്ദാനം ചെയ്തതുപോലെ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് എന്റെ സർക്കാർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിനുള്ള നടപടികൾ എടുത്തുവരുന്നു. 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസിന് പകരം നിയമസഭയുടെ ആക്റ്റ് കൊണ്ടുവന്നിട്ടുണ്ട്. ക്ഷേത്രങ്ങൾക്ക് അവകാശപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനായി, കേരള ഭൂസംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾ, അത്തരം വ്യവസ്ഥകൾ ഇല്ലാത്ത ദേവസ്വം ആക്റ്റുകളിൽ ചേർക്കുന്നതാണ്. കേരളത്തിലെ ക്ഷേത്രങ്ങൾക്ക് അവകാശപ്പെട്ട എല്ലാ ഭൂമിയും വീണ്ടെടുക്കുന്നതാണ്. ഗുരുവായൂർ ദേവസ്വം ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതാണ്. ദേവസ്വത്തിലെ ജീവനക്കാരുടെ എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിനുവേണ്ടി ഗുരുവായൂർ ദേവസ്വം ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പത്തനംതിട്ട ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആശുപത്രി സ്ഥാപിക്കും. ശബരിമല തീർത്ഥാടകർക്കുവേണ്ടി

പമ്പയ്ക്ക് സമീപം 10000 തീർത്ഥാടകരെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ ദേവസ്വങ്ങളിലേയും അഴിമതി കേസുകളുടെ എൻക്വയറിക്കും ഇൻവെസ്റ്റിഗേഷനുമായി ഒരു ഓംബുഡ്സ്മാനെ നിയമിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**75.** എന്റെ സർക്കാർ, ഈ വർഷം മുതൽ ജീവനക്കാരുടെ സ്വത്ത് വിവരങ്ങളുടെ വാർഷിക റിട്ടേണുകൾ ഓൺലൈനായി സമർപ്പിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇത് അവർക്കിടയിലെ അഴിമതി തടയുന്നതിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു രേഖയാണ്.

**76.** ഗൾഫ് മേഖലയിലെ രാജ്യങ്ങളിലെ നിയമങ്ങളെയും ആചാര മര്യാദകളെയും കുറിച്ച് ബോധവാന്മാരാക്കുന്നതിനും വിദേശ രാജ്യങ്ങളിലെ ഉയർന്നുവരുന്ന അവസരങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും വേണ്ടി പ്രവാസികളാകാൻ തയ്യാറായിരിക്കുന്നവരെ സജ്ജരാക്കുന്നതിനായി 'പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ' നോർക്ക വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. അനധികൃത കുടിയേറ്റക്കാർക്ക്, യു.എ.ഇ. സർക്കാർ പ്രഖ്യാപിച്ച പൊതുമാപ്പ് ഉപയോഗപ്പെടുത്തുന്നതിന് വേണ്ടത്ര പ്രോത്സാഹനം നൽകുകയും സുൽത്താനേറ്റ് ഓഫ് ഒമാനിലുണ്ടായ കൊടുങ്കാറ്റിൽ കെടുതിയനുഭവിച്ച കേരളീയരുടെ കാര്യത്തിൽ നോർക്ക വകുപ്പ് കാര്യക്ഷമമായി ഇടപെടുകയും, സഹായം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളികൾക്ക് അവരുടെ തിരിച്ചറിയൽ ബോദ്ധ്യപ്പെടുത്തുന്നതിന് നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഒരു ഉപാധിയായി, പ്രവാസി മലയാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന കാര്യം എന്റെ സർക്കാരിന്റെ പരിഗണനയിലാണ്.

വിദേശത്തുള്ളവരും, ഇന്ത്യയിലുള്ളവരും, വിദേശത്തുനിന്നു മടങ്ങിവന്നവരുമുൾപ്പെടെയുള്ള വിദേശ മലയാളികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു ആഗോള സംഗമം സംഘടിപ്പിക്കുന്നതാണ്.

**77.** സംസ്ഥാനത്തെ ഭൂമണ്ഡല സാങ്കേതിക വിദ്യയുടെ നോഡൽ കേന്ദ്രമായ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) റിമോട്ട് സെൻസിംഗും ജി. ഐ. എസും ഉപയോഗിച്ച് സംസ്ഥാനത്തിന്റെ പരിമിതമായ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രവുമായി (ഐ.എസ്.ആർ.ഒ.) സഹകരിച്ച് "വിഷൻ 2012" എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതിരേഖയ്ക്ക് അന്തിമരൂപം നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**78.** കേരളം, ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിച്ച രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലുമായി സഹകരിച്ച്, വകുപ്പ്, പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനുള്ള ഒരു ഇ-ഗവേണൻസ് സംവിധാനം "സുതാര്യകേരളം" എന്ന പേരിൽ ആവിഷ്കരിക്കുകയും ദൂരദർശന്റെ മലയാളം ചാനലിലൂടെ അത് സംപ്രേഷണം ചെയ്തുവരികയുമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഡിജിറ്റൽ ഇലക്ട്രോ വാർത്താ ശേഖരണ സംവിധാനം 2008-09-ൽ സ്ഥാപിക്കുവാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഉദ്ദേശിക്കുന്നു. ഇത് സർക്കാർ പരിപാടികൾ ഡിജിറ്റൽ വീഡിയോ ഫോർമാറ്റിൽ കവർ ചെയ്യുന്നതിനും വിദൂരസ്ഥലങ്ങളിൽ നിന്നുപോലും നേരിട്ട് ടെലിവിഷൻ ചാനലുകൾക്ക് തത്സമയമായി അയച്ചുകൊടുക്കുന്നതിനും ജില്ലാ ഓഫീസുകളെ, പ്രാപ്തമാക്കുന്നതാണ്.

**79.** നിയമവകുപ്പ് ഫയൽ ഫ്ളോ മാനേജ്മെന്റ് സംവിധാനവും ഡോക്കുമെന്റ് മാനേജ്മെന്റ് സംവിധാനവും വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. നിയമനിർമ്മാണവും നിയമോപദേശവും, പ്രമാണം തയ്യാറാക്കലും ഉൾപ്പെടെ സവിശേഷ അറിവ് ആവശ്യമുള്ള നിയമവകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ ഓൺലൈൻ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കേരളത്തിലെ പതിനാല് ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളും, ന്യൂഡൽഹിയിലെ ലാ ഓഫീസും എറണാകുളത്തെ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും ഓൺലൈൻ മോണിട്ടറിംഗ് സംവിധാനത്തിൻകീഴിൽ കൊണ്ടുവന്നു കഴിഞ്ഞു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സായാഹ്നകോടതികൾ (മുൻസിഫ്-മജിസ്ട്രേറ്റ്) സ്ഥാപിക്കുന്നതാണ്. ഈ വർഷം ബൗദ്ധിക സ്വത്തവകാശത്തിന്റെ കരടു നയത്തിന് അന്തിമരൂപം നൽകുകയും ബൗദ്ധിക സ്വത്തവകാശ അക്കാഡമി സ്ഥാപിക്കുകയും ചെയ്യുന്നതാണ്. ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ എന്റെ സർക്കാർ ഒരു എട്ട് അംഗ നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

**80.** "ഇ. കെ. നായനാർ യൂണിവേഴ്സിറ്റി ചെയർ ഓൺ പാർലമെന്ററി അഫയേഴ്സ്" എന്ന പേരിൽ കണ്ണൂർ സർവകലാശാലയിൽ ഒരു "ചെയർ ഫോർ പാർലമെന്ററി അഫയേഴ്സ്" സ്ഥാപിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിനെ പഠനത്തിനും ഗവേഷണത്തിനും പരിശീലനത്തിനും വേണ്ടിയുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി വികസിപ്പിക്കുന്നതാണ്. ലീഗൽ ഡ്രാഫ്റ്റിംഗിനുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതാണ്. മന്ത്രിമാർ സഭയിൽ നൽകുന്ന ഉറപ്പുകളുടെ കൃത്യമായ തുടർനടപടികൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി

തീർപ്പു കൽപ്പിക്കുന്നതിനും ഒരു "അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക്" രൂപീകരിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി വിദ്യാർത്ഥികളുടെ പാർലമെന്റ് സംഘടിപ്പിക്കുന്നതാണ്.

**81.** 2007-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 90 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരം ഡീസൽ പ്ലാന്റ് കേസിൽ ഉത്തരവാദികളായവർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതും കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. എന്റെ സർക്കാർ അഴിമതിക്കെതിരെ കർശനമായ പോരാട്ടം ഊർജ്ജിതമായി തുടരുന്നതാണ്. കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതാണ്. ബ്യൂറോയുടെ ആധുനികവൽക്കരണത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും എന്റെ സർക്കാർ നൽകുന്നതാണ്.

**82.** കായിക വിനോദങ്ങൾ, നീന്തൽ, വോളീബോൾ, ബാസ്ക്കറ്റ് ബോൾ, ഹാൻഡ്ബോൾ എന്നീ ഇനങ്ങൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കായികതാരങ്ങളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഓപ്പറേഷൻ ഒളിംപിയ പദ്ധതി, തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര സ്വിമ്മിംഗ് പൂൾ, തിരുവനന്തപുരത്തെ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ക്വാഷ് കോംപ്ലക്സുകൾ സ്ഥാപിക്കൽ, തിരുവനന്തപുരത്ത് ഷൂട്ടിംഗ് റേഞ്ചിന്റെ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ.

സ്പോർട്സ് സയൻസിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ കായികവിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതാണ്. 2006-07-ൽ കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് "കേരള യൂത്ത് ഫോറം-2007" എന്ന ഒരു മഹാമേള സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്ത് വേളിയിലെ യൂത്ത് ഹോസ്റ്റൽ വളപ്പിൽ ഒരു അന്താരാഷ്ട്ര യുവജന കൺവെൻഷൻ സെന്റർ സ്ഥാപിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ആയിരക്കണക്കിന് തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് വലിയ ആശ്വാസം നൽകുന്ന തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. സോഫ്റ്റ് സ്കില്ലുകൾ, സ്ട്രെസ് മാനേജ്മെന്റ്, അഭിരുചി വികസനം, നേതൃത്വ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് മുതലായവയിൽ പരിശീലനം നൽകുകവഴി യുവജനങ്ങളുടെ തൊഴിൽ നേടുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്ന ഒരു സംവിധാനം ആവിഷ്ക്കരിക്കുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നു. യുവജനങ്ങൾക്കിടയിൽ പ്രമേഹം, ഹൃദയാഘാതം, രക്തസമ്മർദ്ദം മുതലായ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കുമായി ഒരു സമ്പൂർണ്ണ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**83.** വിഴിഞ്ഞം തുറമുഖത്തെ ഒരു ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആയി വികസിപ്പിച്ചു വരികയാണ്. കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ വികസനം ഏറ്റെടുക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ മീഞ്ച പഞ്ചായത്തിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ എന്റെ സർക്കാർ തത്വത്തിൽ അനുമതി നൽകിക്കഴിഞ്ഞു. കേരളത്തിന്റെ 600 കിലോമീറ്റർ

ദൈർഘ്യം വരുന്ന തീരദേശത്തിന്റെയും ചരക്കുനീക്കത്തിന്റെയും സാധ്യതകൾ പരിഗണിച്ചുകൊണ്ട് ഒരു തുറമുഖ നയത്തിന് രൂപം നൽകുന്നതാണ്. ഈ വർഷം ഒരു മാരിടൈം ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്നതാണ്.

**84.** ഈ മനോഹര സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തെപ്പറ്റിയുള്ള എന്റെ സർക്കാരിന്റെ സങ്കൽപ്പം ഈ മഹനീയ സഭയിലെ എല്ലാ അംഗങ്ങളുടെയും സഹകരണത്തോടു കൂടി ഒരു യാഥാർത്ഥ്യമാകുമെന്ന് എനിക്കുറപ്പുണ്ട്. കേരളത്തിന്റെയും അതിന്റെ ജനങ്ങളുടെയും യഥാർത്ഥ ശേഷികൾ യാതൊരു പ്രതിബന്ധവും ഇല്ലാതെ വികസിപ്പിക്കുന്നതിന് നിങ്ങളേവരോടും, ഈ സംസ്ഥാനത്തിലെ ജനങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളട്ടെ.

ജയ് ഹിന്ദ്